# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

ഉൾപ്പേജുകളിൽ


- ഞെരിഞ്ഞമരുന്ന ബാല്യം 2
- കളിയും കാര്യവും 3
- വന്ന വഴികൾ 4
- അനുസ്മരണം/ക്വിസ് 5
- വാർത്തകൾ 6



Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 23

19 ജൂലൈ 2014 പുസ്തകം 37 ലക്കം 23 പേജ് 6


# പാപത്തിന്റെ പടവുകൾ

സാബു വർഗീസ്, പള്ളിപ്പാട്

**യഹോവാഭക്തി കൂടാതെയുള്ള ജ്ഞാനം ശൂന്യമാണ്. ദൈവത്തിനും ദൈവവചനത്തിനും വിരുദ്ധമായതെന്തും ഭോഷ്കാണ്.**

'**പാ**പം' ലോകത്തിൽ നിറഞ്ഞിരിക്കുന്നതും ദൈവം വെറുക്കുന്നതുമായ അവസ്ഥയാണ്. അറിഞ്ഞും അറിയാതെയും മനുഷ്യർ ഇതിന്റെ വലയിൽ വീഴുന്നു. ദൈവമക്കളും തങ്ങൾ ഇച്ഛിക്കാത്ത തിന്മ ചെയ്യുവാൻ പാപം അവരെ വശീകരിക്കുന്നു. പാപത്തിനധീനരായിരുന്ന നമ്മെ തന്റെ മരണത്താൽ, കാൽവറി യാഗത്താൽ വിടുവിച്ചവനാണ് കർത്താവ്. പാപത്തോടു പോരാടുവാനും അതിനെ വിട്ടോടുവാനും ദൈവം തന്റെ വചനത്തിലൂടെ നമ്മോട് അരുളിച്ചെയ്യുന്നു. ദൈവത്തിനിഷ്ടമല്ലാത്ത ഏതു കാര്യവും (ചിന്ത, പ്രവൃത്തി, വാക്കുകൾ) പാപമാണ് എന്ന് ദൈവവചനം വ്യക്തമാക്കുന്നു. പാപത്തിന്റെ പ്രവൃത്തികളെക്കാളും കൂടുതൽ ചിന്തയിൽ കൂടി മനുഷ്യൻ പാപം ചെയ്യുന്നു. ഏതു വിധമായാലും വലുപ്പ ചെറുപ്പം കൂടാതെ ദൈവം പാപത്തെ പൂർണ്ണമായും വെറുക്കുന്നു.

നാം ഓരോരുത്തരും പാപത്തെ ന്യായീകരിക്കുവാൻ ശ്രമിക്കാറുണ്ട്. നാം പൊതുവെ പറയുന്ന കാര്യം 'മനുഷ്യൻ ബലഹീനനാണ്' 'ദുർബല'നിമിഷത്തിൽ സംഭവിച്ചു. ഇങ്ങനെ നിരവധി കാര്യങ്ങൾ പറഞ്ഞ് പാപം നമ്മുടെ കുഴപ്പം കൊണ്ട് സംഭവിച്ചതല്ല എന്ന് നീതീകരിക്കാറുണ്ട്. ഇതിലൂടെ നമ്മെ ബലഹീനനാക്കിയതും ദുർബല നിമിഷം തന്നതും ദൈവം തന്നെയാണെന്നും അതിനാൽ നമ്മൾ കുറ്റക്കാരല്ല എന്നുമാണ് സമർത്ഥിക്കാറുള്ളത്.

ഭൂമിയിലെ ആദ്യ പാപം ഹവ്വ ഒരു പ്രത്യേക നിമിഷത്തിൽ ചെയ്തതല്ല എന്ന് വചനം ചിന്തിക്കുമ്പോൾ നമുക്ക് മനസ്സിലാകും. നമ്മുടെ പാപ പ്രവൃത്തികളെക്കുറിച്ച് പരിശോധിച്ചാൽ ഹവ്വ പോയ അതെ വഴിയിലൂടെ തന്നെയാണ് നാമും പോകുന്നത്. സംഭവങ്ങൾക്കും പ്രവൃത്തികൾക്കും മാറ്റമുണ്ടാകും. എന്നിരുന്നാലും പാപത്തിലേക്കുള്ള വഴി ഒന്നു തന്നെയാണ്. നാം പാപമായി കരുതുന്ന കാര്യം മാത്രമല്ല മറിച്ച് നാം നടന്ന പാതകൾ തന്നെ പാപമായിരുന്നു എന്ന് അറിയുവാൻ സാധിക്കും. ഹവ്വയുടെ പാപത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ ഫലം പറിച്ചു തിന്നുന്നതിനു മുമ്പു തന്നെ അതിലേക്ക് നടന്നു ചെന്നതായി കാണാം.

**ചില പുഷ്പങ്ങൾ അതിന്റെ ഗന്ധത്തിലൂടെയും ഭംഗിയിലൂടെയും പ്രാണികളെ ആകർഷിച്ച് ഭക്ഷിക്കുന്നതുപോലെ, ലോകത്തിന്റെ ഭംഗി നമ്മെ നാശത്തിലേക്കു നയിക്കും.**

ഉല്പത്തി പുസ്തകം മൂന്നാം അധ്യായത്തിലൂടെ ഇതു വെളിപ്പെടുത്തി തരുന്നു. ഹവ്വയുടെ പാപത്തിന്റെ വിവിധ ഘട്ടങ്ങൾ നമുക്ക് ചിന്തിക്കാം.

**1. ഹവ്വ തനിയെ ആയിരുന്നു.**

മനുഷ്യൻ ഏകനായിരിക്കരുത് (ഉല്പ. 2:18) എന്നതിനാലാണ് ദൈവം ഹവ്വയെ സൃഷ്ടിച്ചത്. അവർ വേർപെട്ട് തനിയെ ആകുവാൻ ദൈവം ഇഷ്ടപ്പെട്ടിരുന്നില്ല. തനിയെ ആയതുകൊണ്ടാണ് പരീക്ഷകൻ അടുത്തു വന്നത്. ആദാമും ഹവ്വയും ഒരു ദേഹമായിരുന്നു. അതിൽ നിന്നു വേർതിരിഞ്ഞ സാഹചര്യത്തിലാണ് സാത്താൻ അടുത്തു വന്നത്. ഇന്ന് നാമും ആയിരിക്കേണ്ടത് ദൈവം അവരെ ആക്കിവെച്ചതുപോലെയാണ്. തന്റെ രക്തത്താൽ നമ്മെ വീണ്ടെടുത്ത കർത്താവ്, തന്റെ ശരീരമാകുന്ന സഭയുടെ ഭാഗമാക്കിയാണ് നമ്മെ ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത്. നാം സഭാ ബന്ധത്തിൽ നിന്ന് അകലുമ്പോൾ അഥവാ ദൈവവും ദൈവജനവുമായുള്ള കൂട്ടായ്മയിൽ നിന്ന് മാറി നില്ക്കുമ്പോൾ പരീക്ഷകൻ അടുത്തു വരും. നാം അറിയാതെ തന്നെ അടുത്ത ഘട്ടത്തിലേക്കു നീങ്ങും. അതുകൊണ്ട് പാപത്തിലേക്ക് വീഴുവാൻ ആഗ്രഹിക്കുന്നില്ല എങ്കിൽ സഭാകൂടിവരവുകളെ ഒഴിവാക്കാതെ ദൈവവുമായുള്ള ബന്ധത്തെ മുറുകെ പിടിച്ചു കൊണ്ടു നമുക്കു ജീവിക്കാം.

**2. ഹവ്വ പാമ്പിനോടു ചങ്ങാത്തം കൂടി.**

പാപത്തിന്റെ അടുത്ത ഘട്ടമാണിത്. ദൈവിക കൂട്ടായ്മയിൽ നിന്ന് അകലുമ്പോൾ സ്വാഭാവികമായി ലോകസ്നേഹത്തിലേക്ക്

➤ശേഷം 5-ാം പേജിൽ

## വൈ.എം.ഇ.എഫ്. മലബാർ ഡിവിഷൻ ബൈബിൾ ക്യാമ്പ്

**കോഴിക്കോട് :** വൈ.എം.ഇ.എഫ്. മലബാർ ഡിവിഷന്റെ ചുമതലയിൽ കോഴിക്കോട് ബ്രദറൺ സഭയുടെയും മലബാറിലെ ആറു ജില്ലകളുടെയും സഹകരണത്തിൽ 2014 ജൂലൈ 27 മുതൽ 29 വരെ ബൈബിൾ ക്യാമ്പ് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. കോഴിക്കോട് സഭാഹാളിൽ ജൂലൈ 27 ഞായറാഴ്ച വൈകുന്നേരം ആരംഭിക്കുന്ന ക്യാമ്പിൽ സഹോദരന്മാരായ ജോസ് മാത്യൂസ് മംഗലാപുരം, റ്റിജുമോൻ ചാക്കോ പള്ളിക്കുത്ത് എന്നിവർ പ്രധാന ലീഡേഴ്സായിരിക്കും. കൂടാതെ മലബാറിൽ നിന്നും ക്യാമ്പിൽ പങ്കെടുക്കുന്ന സഹോദരന്മാർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കുന്നതായിരിക്കും. തിരുവചന സത്യങ്ങൾ കൂടുതലായി പഠിക്കുന്നതിനും ആത്മീയ കൂട്ടായ്മ അനുഭവിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തുക. ഈ ക്യാമ്പിന്റെ അനുഗ്രഹത്തിനായ് ദൈവജനം പ്രാർത്ഥിക്കുന്നതോടൊപ്പം പങ്കെടുക്കുകയും സഭയിൽ നിന്നു യുവാക്കളെ ഉത്സാഹിപ്പിച്ച് ക്യാമ്പിലേക്കു അയക്കുകയും ചെയ്യണമെന്നു കർതൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

ജിജു ജോർജ്ജ് (Mob: 9447322627)

## കെ.ഇ.എം. ഫണ്ടിന് ഓഫീസ് കെട്ടിടം



**കുമ്പനാട്:** 1943-ൽ ആരംഭിച്ച കെ.ഇ.എം. ഫണ്ടിന് 70 വർഷത്തിനു ശേഷം 35 ലക്ഷം രൂപ മുടക്കി സ്വന്തമായി ഓഫീസ് കെട്ടിടമായി. ഇക്കഴിഞ്ഞ ജൂലൈ 5 രാവിലെ 10 മണിക്ക് നിരവധി സഭാപ്രതിനിധികളുടെയും സുവിശേഷകന്മാരുടെയും നമ്മുടെ മധ്യത്തിലെ വിവിധ സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന സഹോദരന്മാരുടെയും സാന്നിധ്യത്തിൽ ബ്രദർ എ.ഒ. തോമസ്, കൊട്ടാരക്കര പ്രാർത്ഥിച്ച് ഓഫീസ് ദൈവനാമമഹത്വത്തിനായി സമർപ്പിച്ചു.

തുടർന്ന് മുൻ സെക്രട്ടറി ബ്രദർ വി.കെ. മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ തോമസ് ചാണ്ടി (കോട്ടയം) പ്രാർത്ഥിക്കുകയും ബ്രദർ പി.ഇ. സാംകുട്ടി സ്വാഗതം ആശംസിക്കുകയും ചെയ്തു. നമ്മുടെ വിവിധ പ്രവർത്തനമണ്ഡലങ്ങളെ പ്രതിനിധീകരിച്ച് അനേക സഹോദരന്മാർ ആശംസകളറിയിച്ചുകൊണ്ട് പ്രസംഗിച്ചു. ഡോ. ഒ.എം.ശാമുവേൽ, സഹോദരന്മാരായ റോയി മാത്യു (ദോഹ), സി.എം. ജേക്കബ് (ഷാർജ) എന്നിവർ വചനം ശുശ്രൂഷിച്ചു. മുതിർന്ന സുവിശേഷകൻ എം.എം. സഖറിയ പ്രാർത്ഥിച്ചു.

ഈ ഓഫീസ് കെട്ടിടം കേരളത്തിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്ത്യയ്ക്കു വെളിയിലും പ്രവർത്തിക്കുന്ന നമ്മുടെ സുവിശേഷകന്മാർക്ക് ഒരു തണലായിരിക്കേണ്ടതിന് ദൈവജനം പ്രാർത്ഥിക്കുക.

## ജനറൽ ക്യാമ്പിൽ നിങ്ങൾക്കും പങ്കാളിത്തം

**ക**ർത്താവിൽ പ്രിയരെ, വൈ.എം.ഇ.എഫ്. ജനറലിന്റെ ചുമതലയിലും ഡിവിഷനുകളുടെ സഹകരണത്തിലും രണ്ടു വർഷത്തിലൊരിക്കൽ നടന്നുവരുന്ന ജനറൽ ക്യാമ്പ് ഈ വർഷം മലബാർ ഡിവിഷന്റെ സഹകരണത്തിൽ പാലക്കാടിനടുത്ത് നെന്മാറയിൽ വച്ച് സെപ്റ്റംബർ 8 മുതൽ 12 വരെ നടത്തുവാൻ കർത്താവിലാശ്രയിച്ച് ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ബേത്‌ലഹേം ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ സ്കൂളിലാണ് ക്യാമ്പിന് സ്ഥലം ലഭിച്ചത്. സഹോദരന്മാരായ ശാമുവേൽ ബി.തോമസ്, അജേഷ് റ്റി. മാത്യു, പി.ജി. ജയിംസ് എന്നിവരെ കൂടാതെ മിഷണറി സമ്മേളനത്തിനു വേണ്ടി സി.ഒ. ഡേവിഡ് (ത്രിപുര) സാംസൺ ഡിക്രൂസ് (ബീഹാർ) അനന്തോകുമാർ (ഒറീസാ) എന്നീ സഹോദരന്മാരും വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. ടാലന്റ് ടൈം, ചോദ്യോത്തരവേള ബൈബിൾ ക്ലാസ്സുകൾ, ഗാനഭ്യസനം, എന്നിത്യാദി വൈവിധ്യമാർന്ന പ്രോഗ്രാമുകൾ ക്യാമ്പിൽ ക്രമീകരിച്ചിട്ടുണ്ട്. സുവിശേഷ ധ്വനി നടത്തി വരുന്ന ബൈബിൾ ക്വിസിന്റെ വിജയികൾക്ക് ഈ ക്യാമ്പിൽ സമ്മാനം നൽകുന്നതാണ്.

ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനായി ബ്രദർ ശാമുവേൽ പി. ഏബ്രഹാം കൺവീനറായുള്ള ഒരു കമ്മറ്റിയെ പാലക്കാട്ടു കൂടിയ പ്രത്യേക മീറ്റിംഗിൽ തിരഞ്ഞെടുത്തിട്ടുണ്ട്. 600-ൽ അധികം സഹോദരന്മാരെ പ്രതീക്ഷിക്കുന്ന ഈ ക്യാമ്പിന് ഏകദേശം 4 ലക്ഷം രൂപ ചെലവാകും. കഴിഞ്ഞ നാളുകളിലെപ്പോലെ ദൈവജനത്തിന്റെ പ്രാർത്ഥനയും സഹായസഹകരണവും ആണ് ക്യാമ്പിന്റെ പിൻബലം. ഈ ക്യാമ്പിനെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു. സംഭാവനകൾ ട്രഷറാറുടെ പേരിലോ, SIBL 0000119- Ac. No. 0119053000012174 (South Indian Bank, Thiruvananthapuram) എന്ന അക്കൗണ്ട് നമ്പരിലോ അയക്കുക. ട്രഷറാറുടെ വിലാസം: V.K. Joykumar, Sharon, Pirayummoodu, Neyyattinkara P.O., Thiruvananthapuram. Ph: 0471- 2222942, 9446022942.

ജനറൽ സെക്രട്ടറിയുടെ വിലാസം: Jacob P. Mathew, Ebenezer House, Thrikkannamangal, Kottarakara P.O., 691 506 Ph: 0474- 2457707, 9847000691 Email: sunny.ymef@yahoo.com

വൈ.എം.ഇ.എഫ്. ജനറലിനു വേണ്ടി ജേക്കബ് പി. മാത്യു (സെക്രട്ടറി)

**വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2014, സെപ്റ്റംബർ 8 മുതൽ 12 വരെ**

**ബേത്‌ലഹേം ഇംഗ്ലീഷ് മീഡിയം സ്കൂൾ, നെന്മാറ (പാലക്കാട്). പ്രാർത്ഥിക്കുക, ഒരുങ്ങുക...**

**സുവിശേഷ ധ്വനി**
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക
ജൂലൈ 19
പുസ്തകം 37, ലക്കം 23

**"പൈതങ്ങൾ അപ്പം ചോദിക്കുന്നു ആരും നുറുക്കിക്കൊടുക്കുന്നതുമില്ല."**
വിലാപങ്ങൾ 4:4

# ഞെരിഞ്ഞമരുന്ന ബാല്യം

കേരളത്തിലെ അനാഥാലയങ്ങളിൽ ഈ നാളുകളിൽ സർക്കാർ തലത്തിലുള്ള അന്വേഷണങ്ങൾ സ്ഥിരമായി നടക്കുന്നതായി വാർത്താ മാധ്യമങ്ങളിലൂടെ നാം അറിഞ്ഞു കൊണ്ടിരിക്കയാണല്ലോ. കുഞ്ഞുങ്ങളെ ചൂഷണം ചെയ്യുന്നതായും നിരുത്തരവാദപരമായി അവരെ കൈകാര്യം ചെയ്യുന്നതായുമുള്ള പരാതിയിന്മേലാണ് ഇത്തരം അന്വേഷണങ്ങൾ നടത്തുന്നത്. കേരളത്തിലെ ചില അനാഥശാലകളിലേക്ക് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നു കുഞ്ഞുങ്ങളെ കൂട്ടമായി കൊണ്ടുവന്നതാണ് പ്രശ്നങ്ങളുടെ ആരംഭം.

ഏതായാലും കുട്ടികൾക്കു നേരേയുള്ള അതിക്രമങ്ങളും ഒറ്റപ്പെടുത്തലും അവകാശലംഘനങ്ങളും നമ്മുടെ നാട്ടിലും ധാരാളം റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. ഇടുക്കിയിൽ കുമളിക്കടുത്ത് അഞ്ചുവയസ്സുകാരൻ മൃഗീയമായി പീഡിപ്പിക്കപ്പെട്ടത് നാം മറന്നിട്ടില്ലല്ലോ. കുട്ടിയുടെ പിതാവ് രണ്ടാം ഭാര്യയുമായി ചേർന്നാണ് ഈ കൊടും ക്രൂരത ചെയ്തതെന്ന് അറിയുമ്പോൾ നാം ഞെട്ടുന്നു.

ബാല്യം നിസ്സഹായതയുടെ നാളുകളാണ്. അതിനാൽ അവർ വേഗം ചൂഷണത്തിന് ഇരയാകുന്നു. മറ്റുള്ളവരുടെ സഹായവും തണലും ആവശ്യമുള്ള ബാല്യത്തിൽ അതില്ലാതെപോകുമ്പോൾ അവരോടുള്ള ക്രൂരത എളുപ്പമാകുന്നു. സംരക്ഷിക്കേണ്ടവർ തങ്ങളുടെ കടമ നിർവ്വഹിക്കാതെ സ്വാർത്ഥരാകുമ്പോൾ ബാല്യം കൈവിടപ്പെടുന്നു.

ബാലവേല നിയമംകൊണ്ട് നിരോധിച്ചിട്ടുള്ള രാജ്യമാണ് നമ്മുടേത്. 1948 ലെ ഫാക്ടറീസ് ആക്ട്, 1986 ലെ ഇന്ത്യൻ ചൈൽഡ് ലേബർ പ്രൊഹിബിഷൻ ആൻഡ് റഗുലേഷൻ ആക്ട് എന്നിവയെല്ലാം 14 വയസ്സിൽ താഴെയുള്ള കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് നിരോധിച്ചിരിക്കുന്നു. എങ്കിലും നമ്മുടെ രാജ്യത്ത് എവിടെയെല്ലാം എത്രയോ കുരുന്നുകൾ ഇപ്പോഴും കഠിനമായ ജോലികൾ ചെയ്യുന്നു! കളിപ്പാട്ടങ്ങൾ ഇരിക്കേണ്ട കയ്യിൽ പിച്ചപ്പാത്രങ്ങൾ; പാഠപുസ്തകങ്ങൾ വഹിക്കേണ്ട തോളിൽ കരിങ്കൽ ചീളുകളും ചുടുകട്ടകളും! സുരക്ഷിതത്വബോധം നിഴലിടേണ്ട നിഷ്കളങ്കകണ്ണുകളിൽ ഭീതിയും അരക്ഷിതാവസ്ഥയും. സുരക്ഷിതം എന്നു കരുതിയ കൈകളിൽ തന്നെ അവർ ഞെരിഞ്ഞമരുന്നു- ആനയുടെ തുമ്പിക്കയ്യിൽ ആമ്പൽമൊട്ടുപോലെ.

കുഞ്ഞുങ്ങളോട് വളരെ ക്രൂരമായി പെരുമാറുന്ന മാതാപിതാക്കളുണ്ട്. പിതാവിനെ കാണുമ്പോൾ അറിയാതെ മൂത്രമൊഴിച്ചു പോകുന്ന കുട്ടികൾ; മാതാവിന്റെ ശബ്ദം കേൾക്കുമ്പോൾ രക്തസമ്മർദ്ദം വർദ്ധിക്കുന്നവർ. ബാലപീഡനം ഇന്നും തുടർക്കഥയാകുന്നു. കരുതലും സ്നേഹവും നൽകേണ്ടവർ തന്നെ അതു ചെയ്യുമ്പോൾ അതിന്റെ ക്രൂരത വർദ്ധിക്കുന്നു.

തങ്ങളുടെ കുഞ്ഞുങ്ങൾ പഠിച്ച് വലിയവരാകണം എന്ന് ആഗ്രഹിക്കാത്ത മാതാപിതാക്കളില്ല. എന്നാൽ അത്തരം സ്വപ്നങ്ങളിലും ഒരു സ്വാർത്ഥതയുടെ മുഖം തെളിഞ്ഞു കാണാനാവും. പഠനത്തിലും അവർക്ക് ചുമക്കാനാകാത്ത ഭാരം അവരുടെ ചുമലിൽ വച്ചുകൊടുക്കുന്നു- തുമ്പിയെക്കൊണ്ട് കല്ല് എടുപ്പിക്കുന്നു എന്നു പറഞ്ഞതുപോലെ. സമൂഹത്തിൽ സ്വന്തം പത്രാസ് വർദ്ധിക്കുമ്പോൾ കുഞ്ഞുങ്ങൾ മാനസികമായി തളരുകയാണെന്ന് അവർ മനസ്സിലാക്കാതെ പോകുന്നു.

ഇന്ന് എല്ലാമേഖലകളിലും കടുത്ത മത്സരമാണെന്നത് സത്യം തന്നെ- പ്രത്യേകിച്ച് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ. എങ്കിലും ഒരു കുട്ടിക്ക് താങ്ങാവുന്നതിലപ്പുറമായി അവന്റെ അഭിരുചിക്ക് വിരുദ്ധമായി മാതാപിതാക്കളുടെ സ്വപ്നസാഫല്യത്തിനുവേണ്ടി മാത്രം കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിന് നിർബന്ധിക്കുന്നു. അതിനായി ലക്ഷങ്ങൾ ചെലവഴിക്കുന്നു. കഠിനപോരാട്ടം നടക്കുന്ന ഗോദയിലേക്ക് അവരെ തള്ളിവിടുന്നു.

ആത്മീയ സമ്മേളനങ്ങളും സ്ഥലംസഭായോഗങ്ങളും മുടക്കിയാണെങ്കിലും ഈലോകത്തിന്റെ മത്സരങ്ങൾക്ക് സജ്ജരാക്കുന്നതിനായി വിശ്വാസികളായവർ കുഞ്ഞുങ്ങളെ നിർബന്ധിക്കുന്നു. വിനോദമോ വ്യായാമമോ ഇല്ലാതെ, അടച്ചിട്ട മുറിയിൽ 24 മണിക്കൂറും പുസ്തകം തിന്നുന്ന പുഴുക്കളായി അവർ തീരുന്നു. മാനസികമായി തളരുന്ന ബാല്യക്കാർ, ആത്മീയമായി തകരുന്ന യൗവ്വനക്കാർ. പണക്കൊതിയരായ മാതാപിതാക്കൾ ഇതിന് കണക്കു പറഞ്ഞേ മതിയാകൂ. ഇന്ന് എത്രയോ കുഞ്ഞുങ്ങൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ച് മടങ്ങിവന്ന് വീട്ടിൽ വെറുതെ നില്ക്കുന്നു. തങ്ങളുടെ സ്വപ്നം എങ്ങുമെത്താത്തതിന്റെ ഇച്ഛാഭംഗത്താൽ മാതാപിതാക്കളും മാനസികമായി തളരുന്നു.

കുഞ്ഞുങ്ങളെ കുഞ്ഞുങ്ങളായി കാണണം. അവരുടെ മാനസികനില മനസ്സിലാക്കി അവരോട് പെരുമാറണം. എല്ലാറ്റിനും 'എ പ്ലസ്' എന്നതിലുപരിയായി ചില ആത്മിക- സാമൂഹിക മൂല്യങ്ങൾ അവരിൽ നിന്നും പ്രതീക്ഷിക്കാം. ഒലിവുതൈകൾ മേശയ്ക്കു ചുറ്റും കരുത്തോടെ വളരട്ടെ. വിശ്വാസികളായ മാതാപിതാക്കൾ ഈ നാളുകളിൽ ലോകത്തോടൊപ്പം ചിന്തിക്കുന്നവരായി തീരാതെ ദൈവത്തോടൊപ്പം ചിന്തിക്കുന്നവരായി തീർന്നെങ്കിൽ.

*ചീഫ് എഡിറ്റർ*

---

ജീവിതത്തോണി-2

# അയോഗ്യൻ എങ്കിലും ആദരിക്കപ്പെട്ടവൻ

അനർഹരെ അർഹരും, അയോഗ്യരെ യോഗ്യരുമാക്കി തീർക്കുന്ന അരുമനാഥന്റെ ആർദ്രകരുണയെ പുകഴ്ത്തി അവനെ ആരാധിക്കുമ്പോൾ, ആദ്യപ്രസംഗത്തിലൂടെ ആദരണീയനായി മാറിയ പത്രോസ് ചെയ്ത അനുഗൃഹീത കാര്യങ്ങൾ നാം ആവർത്തിക്കേണ്ടത് ആവശ്യമായ കാര്യമാണ്.



ആദ്യം സംശയിച്ച് (മത്താ. 14:22 -33), സാത്താനാൽ ഉപയോഗിക്കപ്പെട്ട് (മത്താ. 17:1-8; 16:21-23), പ്രാർത്ഥന സമയത്ത് ഉറങ്ങി (മത്താ. 26:40), സ്വയത്തിൽ ആശ്രയിച്ച് (യോഹ. 18:10), യേശുവിനെ വിട്ട് ഓടി (മത്താ. 26:56), അകലം വിട്ട് യേശുവിനെ പിൻപറ്റി (ലൂക്കോ. 22:54), പരിഹാസികളുടെ ഒപ്പം ഇരുന്ന് യേശുവിനെ തള്ളിപ്പറഞ്ഞ് (യോഹ. 18:18), വീണ്ടും വള്ളവും വലയും എടുത്ത് (യോഹ. 21:1-3) യേശുവിൽ നിന്നു മറഞ്ഞിരിക്കാൻ ശ്രമിച്ച അയോഗ്യനായ പത്രോസ് ആദ്യപ്രസംഗത്തിലൂടെ ആദരണീയനായത് യേശുവിന്റെ കർതൃത്വം താൻ അംഗീകരിക്കാൻ തയ്യാറായതിനാലാണ്. ഉയിർത്ത് എഴുന്നേറ്റ യേശുവിന്റെ അധികാരമുള്ള വാക്കാൽ വലിയൊരു മീൻപിടുത്തം നടത്തി കരയിലേക്ക് വന്ന പത്രോസിനോട് കർത്താവ് ചോദിച്ചു, ശിമോനെ നീ എന്നെ സ്നേഹിക്കുന്നുവോ? ആദ്യ രണ്ട് ചോദ്യത്തിൽ 'ഉവ്വ്' തനിക്ക് കർത്താവിനോട് പ്രിയമുണ്ട് എന്നു പറഞ്ഞെങ്കിലും മൂന്നാം തവണയും ചോദ്യം ആവർത്തിക്കപ്പെട്ടപ്പോൾ ഉയർത്തപ്പെട്ട കർത്താവിനെ കണ്ട തോമസ് ഹൃദയത്തിന്റെ ഭാഷയിൽ എന്റെ കർത്താവും എന്റെ ദൈവവുമേ എന്നു വിളിച്ചതുപോലെ (യോഹ. 20:28), ഇവിടെ പത്രോസും ഹൃദയം നിറഞ്ഞ ദുഃഖത്തോടെ വിളിച്ചു കർത്താവേ എന്ന് (യോഹ. 21:1-17). ഈ പ്രവാസകാലത്തിൽ കർത്താവ് നമ്മുടെ അയോഗ്യതകളെ കണക്കിടാതെ ഏല്പിച്ച ഉത്തരവാദിത്തങ്ങളിൽ ആദരണീയർ ആകണമെങ്കിൽ അരുമനാഥനായ യേശുവിനെ ജീവിതത്തിന്റെ മേൽ അധികാരമുള്ള കർത്താവായി അംഗീകരിച്ചേ മതിയാവൂ. അവന്റെ കർത്തൃത്വം അംഗീകരിക്കുന്ന അന്നുമുതൽ പ്രവാസകാലം തീരുന്ന അന്നുവരെ അവനെ അനുസരിക്കാനും, സ്നേഹിക്കാനും അവന്റെ ഇഷ്ടം ചെയ്യാനും, അവൻ ഇഷ്ടപ്പെടുന്നയിടത്ത് പാർപ്പാനും, ഇഷ്ടപ്പെടുന്നതു മാത്രം സംസാരിക്കാനും നാം ബാധ്യസ്ഥരാണ്.

**ജോൺസൺ ലാസർ, ഉപ്പുകുന്ന്**

അനുഗ്രഹിക്കപ്പെട്ട ഹൃദയത്തിന്റെ ഭാഷയിൽ കർത്തൃത്വം അംഗീകരിക്കുന്നതിനു ഒപ്പം എന്നെ പൂർണ്ണമായി അറിയുന്ന സർവ്വജ്ഞാനിയായ ദൈവമാണ് കർത്താവെന്നും അംഗീകരിച്ചു (യോഹ. 21:17). എന്റെ ഉള്ളിൽ എത്ര മാത്രം സ്നേഹം ഉണ്ടെന്ന് നിനക്കറിയാം എന്നും പത്രോസ് കർത്താവിനോട് സമ്മതിച്ചു. ഉള്ളിന്റെ ഉള്ളിൽ ഉടലെടുക്കുന്ന വികാരമായ സ്നേഹം മാത്രമല്ല നമ്മെ പൂർണ്ണമായി അറിയുന്നവനാണ് കർത്താവ്. ഈ കർത്താവ് അറിയാതെ നമുക്ക് ഒന്ന് അനങ്ങുവാൻ പോലും സാധിക്കുന്നതല്ല. നമുക്ക് എണ്ണുവാൻ സാധിക്കാത്ത നമ്മുടെ മുടിയുടെ എണ്ണം കർത്താവിനറിയാമെങ്കിൽ, അതിൽ ഒന്നുപോലും കൊഴിയുന്നത് കർത്താവ് അറിയാതെ അല്ല എങ്കിൽ അവന്റെ മുന്നിൽ മറഞ്ഞിരിക്കുന്നത് ഒന്നുമില്ല. കർത്താവ് പറഞ്ഞ സ്ഥാനത്ത് വലവീശി മീനെ പിടിച്ചും, കരം അടയ്ക്കുന്നതിനായി മീനിന്റെ വായിൽ നിന്ന് പണം എടുത്തും, കഴുതക്കുട്ടിയെ അടുത്ത പട്ടണത്തിൽ നിന്ന് കൊണ്ടുവന്നും കർത്താവിന്റെ സർവ്വജ്ഞാനം മനസ്സിലാക്കിയ പത്രോസ് അത് ഏറ്റുപറയാൻ തയ്യാറായതുപോലെ, പ്രസംഗത്തിലൂടെയും വായനകളിലൂടെയും മനസ്സിലാക്കിയ ഈ സത്യം നമുക്കും ഏറ്റു പറയാം.

അന്ത്യനിയോഗം പ്രാപിച്ച്, മഹാസന്തോഷത്തോടെ യെരുശലേമിലേക്കു തിരിച്ചുവന്ന പത്രോസ്, വീണ്ടും വള്ളവും വലയുമായി മീൻപിടിക്കാൻ ഇറങ്ങാതെ മറ്റുശിഷ്യന്മാരോടു ചേർന്ന് പ്രാർത്ഥിക്കുവാൻ തയ്യാറായി (അപ്പൊ. പ്രവൃ. 1:14). ഇന്ന് വിശ്വാസഗോളത്തിൽ കുറഞ്ഞുവരുന്ന ഒന്നായി പ്രാർത്ഥന മാറിക്കഴിഞ്ഞു. കുടിലുകൾ കൊട്ടാരമായി മാറിയപ്പോൾ പ്രാർത്ഥന എന്നത് കുടിലുകൾക്കൊപ്പം ഉപേക്ഷിക്കപ്പെട്ടു. സെമിനാറുകൾ, കൺവൻഷനുകൾ, പ്രസംഗങ്ങൾ എല്ലാം നടത്തുവാനും ലേഖനങ്ങളും ബുക്കുകളും എഴുതുവാനും സമയം കണ്ടെത്തുന്ന നാം പ്രാർത്ഥന മീറ്റിംഗ് നടത്തുവാൻ മടികാണിക്കുന്നു. നാം അഭിമാനിക്കുന്ന അപ്പൊസ്തലന്മാരും, ആദ്യസഭാപിതാക്കന്മാരും ആത്മീയ പിതാക്കന്മാരും ആദരണീയ ഗുരുക്കന്മാരും, പ്രാർത്ഥിക്കുന്നവരായിരുന്നു. പ്രാർത്ഥനയ്ക്ക് സമയം ചെലവഴിച്ച പത്രോസിന് ഒറ്റ പ്രസംഗത്തിലൂടെ 3000 പേരെ ആകർഷിക്കാൻ കഴിഞ്ഞു. ഇന്ന് മൂന്നും മുന്നൂറും പ്രസംഗിച്ചിട്ടും ഒരാളെപ്പോലും കർത്താവിങ്കലേക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല എങ്കിൽ അത് പ്രാർത്ഥനാജീവിതം പരാജയമായതിനാലാണ് (അപ്പൊ. 2:41). പ്രാർത്ഥനാനിരതനായ പൗലോസിന് അനേക സ്ഥലങ്ങളിൽ സഭകൾ സ്ഥാപിക്കാൻ കഴിഞ്ഞു. പ്രാർത്ഥനാ വീരനായ ബില്ലിഗ്രഹാം സാന്ത്വനത്തിന്റെ പ്രസംഗകനായി നിലകൊള്ളുന്നു. പ്രാർത്ഥനയിൽ സമയം ചെലവഴിച്ച ജോൺ തോമസ് നോക്സ് സ്കോട്‌ലണ്ടിനെ നേടി. നാമോ? ദൈനംദിനം പ്രാർത്ഥിക്കുവാൻ പ്രാർത്ഥനയിലൂടെ ആദരിക്കപ്പെടുവാൻ കഴിയുന്നില്ല എങ്കിൽ ആത്മീയ ജീവിതം വ്യർത്ഥമാണ്. പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് ആത്മാവിന്റെ ശക്തി പത്രോസിനും മറ്റു ശിഷ്യന്മാർക്കും ലഭിച്ചത്. നാം ഇന്ന് പ്രസംഗിക്കേണ്ടതും കർത്താവ് തന്നിരിക്കുന്ന എല്ലാ ഉത്തരവാദിത്തങ്ങൾ ചെയ്യേണ്ടതും പ്രാർത്ഥനയിലൂടെ ശക്തിപ്രാപിച്ചിട്ടായിരിക്കണം. One who kneel down before God will stand before man എന്ന വാചകം സത്യസന്ധമാണെന്ന് ആദരണീയരായ വിശ്വാസവീരന്മാർ തെളിയിക്കുന്നു. മനുഷ്യരുടെ മുന്നിൽ മഹത്വപ്പെട്ട കർത്താവിന്റെ വചനവുമായി നിൽക്കുമ്പോൾ ആദ്യം കർത്താവിന്റെ

➤➤

**ഇന്ന് വിശ്വാസഗോളത്തിൽ കുറഞ്ഞുവരുന്ന ഒന്നായി പ്രാർത്ഥന മാറിക്കഴിഞ്ഞു. കുടിലുകൾ കൊട്ടാരമായി മാറിയപ്പോൾ പ്രാർത്ഥന എന്നത് കുടിലുകൾക്കൊപ്പം ഉപേക്ഷിക്കപ്പെട്ടു.**

**പരാജയങ്ങളെ വിജയത്തിന്റെ പാതകളാക്കിയ പടനായകൻ - പത്രോസിന്റെ ജീവിതത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം**

ഗോത്രങ്ങൾ തേടി..... 83



# പളിയക്കുടിയിൽ ഒരു ദിവസം

**ജനസംഖ്യ : 9,518**
**സാക്ഷരത : 40%**
**തിരുവചന ലഭ്യത : തിരുവചന പരിഭാഷ നിലവിലില്ല**

**പളിയ വർഗ്ഗക്കാർ തങ്ങളുടെ മതത്തിന്റെയും ആചാരങ്ങളുടെയും ശക്തരായ അനുയായികളാണ്. ഇവരുടെ സമൂഹത്തിനു വേണ്ടി കേന്ദ്രീകൃതമായ മിഷണറി പ്രവർത്തനം ഒന്നുമില്ല.**





**അ**യാൾക്ക് വലിയ അത്ഭുതം തോന്നി. കുമളി പളിയക്കുടിയിൽ എത്തുന്നതിൽ ഈ മിഷണറി ദീർഘദൂരം യാത്ര ചെയ്തിരിക്കുന്നു. പളിയക്കുടിയിലെ ആളുകൾ അവരുടെ സ്വന്തം ഭാഷ എത്ര മെച്ചമായി ഉപയോഗിക്കുന്നുണ്ടെന്നു പഠിക്കാൻ. അത്ഭുതം എന്നു പറയാം പളിയക്കുടിയിലാരും അവരുടെ സ്വന്ത ഭാഷ കാര്യമായി ഉപയോഗിക്കുന്നില്ല. എല്ലാവരും തമിഴ് നന്നായി സംസാരിക്കുന്നു. അത് ഒരു പളിയ കോളനി ആയിരുന്നതു തന്നെയോ എന്നു സംശയം തോന്നും. 70 വർഷം മുൻപ് മിഷണറിമാർ ഇവിടെ വന്നപ്പോൾ കൃഷികാര്യങ്ങൾക്കായി അവർ ചില പളിയ കുടുംബങ്ങളെ വിളിച്ചുകൂട്ടിയിരുന്നു. ഇപ്പോൾ ഇവിടെ ഉള്ള എല്ലാവരും ക്രിസ്ത്യാനികളാണ്. ആരും അവരുടെ മാതൃഭാഷ സംസാരിക്കുന്നില്ല. അവരുടെ മാതൃഭാഷ സാവധാനം തമിഴിലോട്ട് മാറി. അതാണ് മിഷണറിമാർ ഉപയോഗിക്കുന്ന ഭാഷ. ഇപ്പോൾ എല്ലാവരും തമിഴ് തന്നേ സംസാരിക്കുന്നു. എന്നാൽ മറ്റ് പളിയ പ്രദേശങ്ങളിൽ അവർ സ്വന്തം ഭാഷ ഉപയോഗിക്കുന്നു. അവരുടെ സംസ്കാരവും പ്രത്യേകമായി നിലനില്ക്കുന്നു.

തെക്കേ ഇൻഡ്യയിൽ കേരളം, തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ പളിയ ജനത ഉണ്ട്. പ്രകൃതി സൗന്ദര്യം നിറഞ്ഞതാണവരുടെ പാർപ്പിട പ്രദേശങ്ങൾ. പൊതു സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് വളരെ വേറിട്ട് നിൽക്കുന്നതാണ് ഇവരുടെ വിശ്വാസങ്ങളും ആചാരങ്ങളും. പളിയകൾ പട്ടികവർഗ്ഗക്കാരാണ്. ഇവർ തമിഴ്നാട്ടിൽ നിന്നാണ് കേരളം കർണ്ണാടകം സംസ്ഥാനങ്ങളിലേക്ക് കുടിയേറി പാർത്തതെന്ന് വിശ്വസിക്കപ്പെടുന്നു.

ഇവർ വിദ്യാഭ്യാസത്തിനും ആധുനിക ആരോഗ്യസംരക്ഷണത്തിനും വലിയ ശ്രദ്ധ നൽകുന്നവരാണ്. ആൺകുട്ടികളും പെൺകുട്ടികളും സ്കൂളിൽ പോകുന്നു. എന്നാൽ പലരും പ്രൈമറി സെക്കന്ററി തലത്തിൽ തന്നേ വിദ്യാഭ്യാസം നിർത്തുന്നു. പെൺകുട്ടികൾ ഭവനത്തിലെ ചെറിയ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ഇരിക്കുന്നു. ആൺകുട്ടികൾ വരുമാനം നോക്കി പണികൾക്കു പോകുന്നു.

പളിയ സമൂഹം ഏറിയ പങ്കും ഹിന്ദുക്കളാണ്. ഇവർ ആതിഥ്യ മര്യാദയുള്ളവരും, മനസ്സലിവുള്ളവരുമാണ്. ഭാരതത്തിൽ ഏറ്റവും കുറച്ചു മാത്രം സുവിശേഷം കൈക്കൊണ്ടിട്ടുള്ളവരിൽ ഇവരും ഉൾപ്പെടുന്നു. ഇവരുടെ പ്രദേശത്തിനടുത്ത് അനേക സഭകൾ ഉണ്ട്. എന്നാൽ പളിയ വർഗ്ഗക്കാരെ സുവിശേഷം അറിയിക്കാൻ ഇവർ വളരെ കുറച്ചു മാത്രമേ ശ്രമിക്കാറുള്ളു. പുതിയ ആശയങ്ങൾ സ്വീകരിക്കാൻ സന്നദ്ധതയുള്ള ഈ സമൂഹത്തെ ക്രിസ്തുവിനു വേണ്ടി നേടുന്നതിന് കേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ●

### പ്രാർത്ഥനയ്ക്കായി

- ഇവർ ഏറ്റവും നന്നായി മനസ്സിലാക്കുന്ന മാധ്യമങ്ങളിൽ കൂടി ദൈവവചനം ഇവർക്ക് നൽകപ്പെടുന്നതിനു വേണ്ടി...
- അടുത്തുള്ള സഭകൾക്ക് ഇവരെ സമീപിക്കുന്നതിനുള്ള ഒരു നല്ല ദർശനം ലഭിക്കുന്നതിന്...
- കൂടുതൽ സുവിശേഷകർ ഇവരുടെ മധ്യത്തിലേക്ക് അയക്കപ്പെടുന്നതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

കളിയും കാര്യവും

# കടിച്ച താരത്തിന് കടുത്ത ശിക്ഷ

**പി.വി. സന്തോഷ്, വയനാട്**

**ലോ**കകപ്പ് ഫുഡ്ബോളിനിടെ എതിരാളിയെ കടിച്ച യുവ സൂപ്പർ താരം ലൂയിസ് സ്വാരസിനു കടുത്ത ശിക്ഷ. ഒൻപത് രാജ്യാന്തര മത്സരങ്ങളിലടക്കം വിലക്കും ഒരു ലക്ഷം സ്വിസ് ഫ്രാങ്ക് (ഏകദേശം 67.20 ലക്ഷം രൂപ)പിഴയുമാണ് ഫിഫ വിധിച്ചത്. ഈ ശിക്ഷ അതികഠിനമായി പോയെന്ന് ഫുഡ്ബോൾ ലോകത്തെ പ്രമുഖർ അഭിപ്രായപെട്ടു. ഈ കളിക്കാരൻ ഇല്ലാതെ കളിക്കാൻ ഇറങ്ങിയ ടീം തോറ്റ് നിരാശയോടുകൂടി സ്വന്തം നാട്ടിലേക്ക് മടങ്ങി. പിന്നീട് ഈ കളിക്കാരൻ തെറ്റു മനസ്സിലാക്കി മാപ്പു പറഞ്ഞുവെങ്കിലും ശിക്ഷയിൽ ഇളവു ലഭിച്ചില്ല. മത്സരത്തിനെല്ലാം ഒരു പ്രമാണമുണ്ട്; തെറ്റിച്ചാൽ ഓരോ അംഗവും അച്ചടക്ക നടപടിക്ക് വിധേയരാവും.




വിശുദ്ധ വേദപുസ്തകത്തിൽ ഗലാ 5:15–ൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ അന്യോന്യം കടിക്കുകയും തിന്നുകളയുകയും ചെയ്താലോ ഒരുവനാൽ ഒരുവൻ ഒടുങ്ങിപോകാതിരിക്കാൻ സൂക്ഷിച്ചു കൊൾവിൻ" വിശ്വാസജീവിതത്തിൽ ഓരോ വ്യക്തിയും പാലിക്കേണ്ട പ്രമാണമാണിത്. ഈ കാലഘട്ടത്തിൽ പ്രമാണം തെറ്റിച്ച് അനേകർ അന്യോന്യം കടിക്കയും തിന്നുകയും ചെയ്യുകയാണോ! കളിക്കാരൻ ക്ഷമ പറഞ്ഞുവെങ്കിലും ശിക്ഷയിൽ ഇളവു കിട്ടിയില്ല. ഇതുപോലെ തെറ്റു ചെയ്താൽ കർത്താവിനോട് പാപക്ഷമയ്ക്കായി പ്രാർത്ഥിക്കുമ്പോൾ കർത്താവ് നമ്മോട് ക്ഷമിക്കും; പക്ഷേ അതിന്റെ പരിണത ഫലം നാം അനുഭവിക്കണം. പക്ഷേ ഓർക്കുക: ഫുഡ്ബോൾ കളിയിൽ ശിക്ഷാ നടപടിയുണ്ടെങ്കിൽ ദൈവം വച്ച പ്രമാണം തെറ്റിച്ചാൽ ശിക്ഷ എത്രയധികം കടുപ്പമായിരിക്കും. "സഹോദരന്മാരെ, അന്യോന്യം ദുഷിക്കരുത്. തന്റെ സഹോദരനെ ദുഷിക്കുകയും വിധിക്കുകയും ചെയ്യുന്നവൻ ന്യായപ്രമാണത്തെ ദുഷിക്കുകയും ന്യായപ്രമാണത്തെ വിധിക്കയും ചെയ്യുന്നു. ന്യായപ്രമാണത്തെ വിധിക്കുന്നുവെങ്കിൽ നീ ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നവനല്ല, വിധിക്കുന്നവനത്രേ" (യാക്കോ. 4:11) "ഞാൻ യഹോവയുടെ അഭിഷിക്തന്റെ മേൽ കൈവയ്ക്കുവാൻ സംഗതിവരരുതേ" എന്നാണ് ശത്രുപക്ഷത്തിരിക്കുമ്പോൾ ശൗലിനെക്കുറിച്ച് പറഞ്ഞത്. നമ്മുടെ വാക്കോ പ്രവൃത്തികളോ വഴി ഏതെങ്കിലും ഒരു സഹോദരൻ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചു പോകുവാൻ ഇടവരാതിരിക്കട്ടെ. "സഹോദരന്മാരെ ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ നീയും പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ സൂക്ഷിച്ചു കൊൾവിൻ" (ഗലാ. 6:1). "... നിങ്ങൾ അവന്റെ കാൽച്ചുവട് പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു" (1 പത്രോ. 2:21) ●

ഗാനം

**പി.വി. സന്തോഷ്, വയനാട്**



# "എന്റെ കൃപ നിനക്കു മതി"

നിന്റെ കൃപ എനിക്കു മതി
നീ എൻ ഹൃത്തിൽ വാണാൽ മതി
ബലഹീനനാം ഞാൻ ശക്തനായിത്തീരുവാൻ
നിൻ കൃപ എന്നിൽ ചൊരിയൂ നാഥാ (2)
(നിന്റെ കൃപ...)

പാതി ഒടിഞ്ഞൊരു പാഴ്മുളം തണ്ടു ഞാൻ
ഈണത്തിൽ പാടുന്ന വേണുവാക്കൂ
തമസ്സിൽ അണഞ്ഞൊരു നെയ്ത്തിരിനാളം
നിത്യ പ്രകാശമേ തെളിയൂ എന്നിൽ (2)
(നിന്റെ കൃപ...)

ഞാനെന്ന ഭാവം ഉരിഞ്ഞിടുവാൻ
നിന്നിലെ ഭാവം ധരിച്ചീടുവാൻ
നിൻ കൃപ എന്നിൽ ചൊരിയൂ നാഥാ
പാവന രൂപിയായ് നിറയൂ നാഥാ (2)
(നിന്റെ കൃപ...)

## ➢➢ അയോഗ്യൻ.......

മുന്നിൽ മുഴങ്കാലിൽ നിന്നതിന്റെ ധൈര്യം നമുക്ക് ഉണ്ടാവണം, നമുക്ക് ലഭിച്ച ഉത്തരവാദിത്തം എന്തായാലും അത് ചെയ്യുംമുമ്പ് കർത്താവിന്റെ സന്നിധിയിൽ മുട്ടുമടക്കി ഒട്ടകത്തിന്റെ മുഴങ്കാലുകളുള്ള യാക്കോബിനെയും പത്രോസിനെയും പൗലോസിനെയും, വിശ്വാസവീരന്മാരെയും നമുക്ക് മാതൃകയാക്കാം.

അയോഗ്യനെങ്കിലും അന്ത്യനിയോഗം പ്രാപിച്ച ആദ്യപ്രസംഗ ത്തിലെ ആദരണീയനായി പത്രോസ് മാറിയത്യേശുവിന്റെ കർത്തൃത്വം അംഗീകരിച്ച്, അവന്റെ ദൈവത്വം സമ്മതിച്ച്, പ്രാർത്ഥിച്ചതിനാലാണ്. ആകയാൽ പലവിധ അയോഗ്യതകൾ ഉണ്ടായിരുന്നിട്ടും, അന്ത്യനിയോഗത്തിന്റെ പങ്കാളിയായി അവൻ നമ്മെ തീർത്തതിനാൽ അവനെ ആരാധിച്ച്, അവന്റെ കർത്തൃത്വം അംഗീകരിച്ച് അവന്റെ ദൈവത്വം മനസ്സിലാക്കി, അവനോടു പ്രാർത്ഥിച്ച് ശക്തിപ്രാപിച്ച് നാമും ആദരിക്കപ്പെട്ടവരാകാം. *(അവസാനിച്ചു)*



വന്ന വഴികൾ – 2

# അനന്തപ്പൂർ പട്ടണത്തിലെ പ്രവർത്തനം

ഇ.ജെ. പൈലി, അങ്കമാലി

മൂന്നു മാസത്തെ താമസശേഷം ദക്ഷിണ ആന്ധ്രയിലെ ഒരു പ്രധാന പട്ടണമായ അനന്തപ്പൂരിലേക്കാണ് പോയത്. അവിടെ അനന്തപ്പൂർ ബൈബിൾ സ്കൂൾ എന്ന പേരിൽ അന്ന് നമ്മുടെ ഒരു സഭയുണ്ടായിരുന്നു. ആദ്യ ദിവസം തന്നെ അവരുടെ

ഞാൻ ജോലി ചെയ്തിരുന്ന പോസ്റ്റാഫീസിനോട് അടുത്തു തന്നെയുള്ള പോലീസ് ട്രെയിനിംഗ് കോളേജിലായിരുന്നു അദ്ദേഹത്തിന് ജോലി. വൈകുന്നേരം ഞങ്ങൾ രണ്ടുപേരും ജോലി കഴിഞ്ഞിറങ്ങിയ ശേഷം അവിടെ ഒരു തുറന്ന ഗ്രൗണ്ടിൽ ഒരുമിച്ചു പ്രാർത്ഥനയിൽ സമയം ചെലവഴിക്കുമായിരുന്നു.

സഭാഹോൾ കണ്ടുപിടിച്ചു. അവിടെ സുവിശേഷകൻ (പരേതനായ) ജി. എസ്. ജോസഫും മറ്റു സഹോദരന്മാരുമായി പരിചയപ്പെട്ടു. അവരുടെ പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ആ സഭയുടെ എല്ലാ കൂടിവരവുകളിലും പരസ്യയോഗങ്ങളിലും സജീവമായി പങ്കെടുക്കുവാനിടയായി. ജോലിയോടും വിദ്യാഭ്യാസത്തോടനുബന്ധിച്ചും വിവിധ പട്ടണങ്ങളിലേക്കു കടന്നു പോകുന്ന നമ്മുടെ യുവതീയുവാക്കന്മാർ അവർ ചെല്ലുന്ന സ്ഥലങ്ങളിലെ സ്ഥലം സഭകളുമായി സജീവ ബന്ധം പുലർത്തേണ്ടത് വളരെ അത്യാവശ്യമാണ്.

അനന്തപ്പൂർ പട്ടണത്തിലെ സുവിശേഷ പ്രവർത്തനങ്ങളെപ്പറ്റി ചില കാര്യങ്ങൾ പ്രസ്താവിച്ചു കൊള്ളട്ടെ. കേരളീയർക്കു സുപരിചിതനായ സൈലാസ് ഫോക്സ് എന്ന കനേഡിയൻ മിഷനറി ഏഴു വർഷക്കാലം ഈ സ്ഥലത്ത് താമസിച്ചു പ്രവർത്തിച്ചിട്ടുണ്ട്. “The White Fox of Andhra” എന്ന പേരിൽ തന്റെ മകൻ ഡോണാൾഡ് ഫോക്സ് ഒരു ജീവചരിത്രം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1938 മുതലാണ് ബ്രദർ ഫോക്സ് അനന്തപ്പൂർ പട്ടണത്തിൽ പ്രവർത്തിച്ചത്. ബ്രദർ സൈലസിന്റെ ഭാരതത്തിലെ മിഷനറി പ്രവർത്ത



മിഷനറി സൈലാസ് ഫോക്സ് സൗത്ത് ആഫ്രിക്കയിൽ ഒരു ഇംഗ്ലീഷ് സർവ്വീസിൽ “Heaven came down” എന്ന ഗാനം ആലപിക്കുന്നു.

നത്തിന്റെ അനുഗ്രഹ സമൃദ്ധിയുടെ സംവത്സരങ്ങളായിട്ടാണ് ഈ ഏഴു വർഷങ്ങളെ വിശേഷിപ്പിച്ചിരിക്കുന്നത് (The seven years of plenty). അദ്ദേഹം ഇവിടെ ആയിരുന്നപ്പോൾ ആരംഭിച്ചതാണ് ‘അനന്തപ്പൂർ ബൈബിൾ സ്കൂൾ’. കേരളത്തിൽ നിന്നും പരേതനായ ബ്രദർ പി. വി. ജോർജ്ജ് ഇവിടെ വന്ന് യോഗങ്ങൾ നടത്തിയിട്ടുണ്ട്.

ഈ സ്ഥലവാസിയായി ആന്ധ്രയിൽ ഉടനീളം അറിയപ്പെടുന്ന മറ്റൊരു ദൈവദാസനാണ് പരേതനായ കെ.പി. അഗ്രിപ്പാ. അദ്ദേഹവും ബ്രദർ ഫോക്സിന്റെ സഹപ്രവർത്തകനായിരുന്നു. "The Black Fox of Andhra" എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടു. കേൾവിക്കാരെ ആകർഷിക്കുവാൻ തനിക്ക് പ്രത്യേക കഴിവുണ്ടായിരുന്നു. പരസ്യയോഗം നടത്തുമ്പോൾ ധാരാളം ജനങ്ങൾ ശ്രദ്ധയോടെ തന്റെ പ്രസംഗങ്ങൾ കേൾക്കുവാൻ തടിച്ചുകൂടുന്നത് ഞാൻ കണ്ടിട്ടുണ്ട്. അനന്തപൂർ പട്ടണത്തിന്റെ പ്രധാന ജംഗ്ഷനിൽ അദ്ദേഹത്തോടൊപ്പം ഈ എഴുത്തുകാരനും പരസ്യയോഗത്തിൽ പങ്കെടുക്കാൻ ഇടയായത് ഓർക്കുന്നു.

1957–ൽ ഞാൻ അവിടെ ചെല്ലുമ്പോൾ നമ്മുടെ ഒരു സഭ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്ന് പല സഭകൾ അവിടെയുണ്ട്. ഞാൻ അവിടെ ചെന്ന ആദ്യ ദിവസങ്ങളിൽ തന്നെ അവിടുത്തുകാരനായ എസ്. ഡി. സോളമൻ രാജു എന്ന സഹോദരനുമായി പരിചയപ്പെട്ടു. ഞാൻ ജോലി ചെയ്തിരുന്ന പോസ്റ്റാഫീസിനോട് അടുത്തു തന്നെയുള്ള പോലീസ് ട്രെയിനിംഗ് കോളേജിലായിരുന്നു അദ്ദേഹത്തിന് ജോലി. വൈകുന്നേരം ഞങ്ങൾ രണ്ടുപേരും ജോലി കഴിഞ്ഞിറങ്ങിയ ശേഷം അവിടെ ഒരു തുറന്ന ഗ്രൗണ്ടിൽ ഒരുമിച്ചു പ്രാർത്ഥനയിൽ സമയം ചെലവഴിക്കുമായിരുന്നു. ഞങ്ങളുടെ രണ്ടു പേരുടെയും ഹൃദയങ്ങളെ കർത്താവ് അടുപ്പിച്ചു. ഒരു സഹപ്രവർത്തകനുവേണ്ടി സോളമൻ രാജു നോക്കിക്കൊണ്ടിരിക്കയായിരുന്നു. ഒരുമിച്ചു പ്രാർത്ഥിച്ചപ്പോൾ ആ പട്ടണത്തിൽ സുവിശേഷം അറിയിക്കുന്നതിനുള്ള വലിയ ഹൃദയഭാരം ഞങ്ങൾക്കുണ്ടായി. അങ്ങനെ കുറെ ചെറുപുസ്തകങ്ങളും ട്രാക്റ്റുകളുമായി ഞങ്ങൾ രണ്ടുപേരും



ദി ബ്ലാക് ഫോക്സ് എന്നറിയപ്പെടുന്ന ബ്രദർ കെ.പി. അഗ്രിപ്പാ

രാവിലെ ആഫീസിൽ പോകുന്നതിനുമുമ്പുള്ള സമയം ആ പട്ടണത്തിൽ വീടുവീടാന്തരം പോയി സുവിശേഷമറിയിച്ചു. ഇത് ഞങ്ങൾക്കിരുവർക്കും വളരെ സന്തോഷം പകർന്നു തന്നു. മാത്രമല്ല, തല്പരരായ പലരേയും കണ്ടുമുട്ടുന്നതിനുമിടയായി. അപ്പോൾ അവരെ കൊണ്ടുവന്ന് അനുധാവന പ്രവർത്തനത്തിനായി ഒരു പ്രത്യേക സ്ഥലത്തിന്റെ ആവശ്യം ദൈവാത്മാവ് ഞങ്ങളുടെ ഹൃദയങ്ങളിൽ തന്നു. ഒരു ക്രിസ്ത്യൻ ലൈബ്രറിയും റീഡിംഗ് റൂമും ആരംഭിക്കണമെന്ന തീരുമാനത്തിൽ ഞങ്ങളെത്തി. സഭയിലെ മറ്റു സഹോദരന്മാരും ഈ താല്പര്യത്തോട് യോജിച്ചു. സഭാഹോളിൽ കടന്നുവരുന്നതിന് അക്രൈസ്തവർക്ക് താല്പര്യമുണ്ടാകയില്ല എന്നുള്ളതുകൊണ്ട് റീഡിംഗ് റൂം തുറന്നാൽ അവരെ അവിടേക്ക് ക്ഷണിക്കാം എന്നാണ് ചിന്തിച്ചത്. ടൗണിന്റെ പ്രധാനഭാഗത്ത് ഇതിലേക്ക് രണ്ടു മുറികൾ വാടകയ്ക്കു കിട്ടി.

(അതേക്കുറിച്ച് അടുത്ത ലക്കത്തിൽ).

# തിരഞ്ഞെടുപ്പ് നൽകുന്ന പാഠം

സാജൻ ചേന്നങ്കര

ഒരു തിരഞ്ഞെടുപ്പു കൂടി കഴിഞ്ഞു. കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിലെത്തി. തോറ്റവർ തോൽവിയുടെ കാരണങ്ങൾ വിലയിരുത്തുന്നു. അധികാരത്തിലെത്തിയവർ എങ്ങനെ ശരിയായ നിലയിൽ ഭരണം മുന്നോട്ടു കൊണ്ടുപോകുമെന്നതിനെപ്പറ്റി ആഴമായി ചിന്തിക്കുന്നു. ജനം പ്രതീക്ഷ കൈവിടാതെ നല്ലതിനായി കാത്തിരിക്കുന്നു. ജയിച്ചവർ സന്തോഷിക്കുമ്പോൾ തോറ്റവർ ഒരു ആത്മപരിശോധനയ്ക്കു വിധേയരാകുന്നു.

വേർപെട്ട ദൈവസഭകളും ഒരു ആത്മപരിശോധനയ്ക്ക് വിധേയമാകേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. പല സഭകളിലേയും ചിത്രം അത്ര ആശ്വാസകരമല്ല.

വഴി നടത്തേണ്ടവർ വഴി പിഴയ്ക്കുമ്പോൾ, കപടതയുടെ മുഖംമൂടിയണിയുമ്പോൾ എങ്ങും ഇരുട്ട് പരക്കുന്നു. അപ്പോൾ നീതിക്കും ന്യായത്തിനും, മൂല്യങ്ങൾക്കും ഒന്നും വിലയില്ലാതാകുന്നു. പാവപ്പെട്ടവന് നീതി നിക്ഷേധിക്കപ്പെടുന്നു. വ്യക്തമായ നിലപാട് സ്വീകരിക്കുവാൻ കടപ്പാടുള്ള സഭ പലപ്പോഴും പ്രശ്നങ്ങളുടെ മുമ്പിൽ മൗനം പാലിക്കാനുള്ള പ്രവണതയാണ് കാട്ടുന്നത്. അധർമ്മത്തിന്റെ മുമ്പിൽ നിർവികാരമായി നില്ക്കുക തിന്മയാണ്. തിന്മക്കെതിരെ ഒരു ചെറുവിരലെങ്കിലും ഇളക്കാൻ കഴിഞ്ഞില്ലെങ്കിൽ ദൈവിക നീതിബോധത്തിന്റെ മുമ്പിൽ അത് പാപമാണ്. കവി വചനം അനുസ്മരിക്കുന്നതു പോലെ, ഒരു നെടുവീർപ്പെങ്കി ലുമയച്ചു ഈ നിർവികാരതയെ ഭഞ്ജിക്കുവാൻ നമുക്ക് കഴിയണം. നീതിബോധത്തിന്റെ വജ്രമോതിരങ്ങൾ ഇടവഴിയിലെവിടെയോ നഷ്ടപ്പെട്ടുപോയ ഒരു ജീർണ്ണിച്ച തലമുറയായി വിശ്വാസസമൂഹം മാറി കഴിഞ്ഞോ?

പരാജയത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും നേതൃത്വത്തിന്റെ തലയിൽ കെട്ടിവെയ്ക്കുന്നത് ബാലിശമാണ്. എല്ലാവർക്കും ഒരുപോലെ പങ്കുണ്ടതിൽ. ആർക്കും അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. നമ്മുടെ കാലഘട്ടം ഒട്ടേറെ ധാർമ്മിക വ്യസനങ്ങളുടെ ചിത്രങ്ങളാണല്ലോ, നമുക്ക് ചുറ്റും നിരത്തിവെച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ വരുംതലമുറയെക്കുറിച്ചുള്ള ആശങ്ക ഏറിവരുന്നു. താൽക്കാലികമായ നേട്ടങ്ങൾക്ക് വേണ്ടി ഉന്നതമായ മൂല്യങ്ങൾ ബലി കഴിക്കാൻ മടിക്കാത്ത ഒരു കാലം. എന്നാൽ ആദർശങ്ങളെക്കുറിച്ച് വാചാലരാവുകയും ചെയ്യുന്നു! വാക്കും വഴികളും തമ്മിൽ തെറ്റിപ്പിരിയുന്നത് അത്ര വലിയ കാര്യമായി ആരും കരുതുന്നുമില്ല. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ കാപട്യം കാവൽ നിൽക്കുന്നു.

ദൈവത്തിൽ നിന്ന് അകന്നുപോയി ലോകത്തോടു ഇഴുകിചേർന്ന ഒരു വിശ്വാസ സമൂഹമായി നാം അധഃപതിച്ചു. അവന്റെ ശബ്ദം നമുക്ക് കേൾക്കാൻ കഴിയുന്നില്ല. ശരീരത്തിന്റെ വിളക്കാണ് കണ്ണ്. ക്രിസ്തുവിനെ വേണ്ടനിലയിൽ കാണാൻ നമുക്കാവുന്നില്ല. അങ്ങനെ നമ്മുടെ മനസ്സും കണ്ണും നാവും ലോകത്തിന്റെ മോഹക്കാഴ്ചകളിൽ കുടുങ്ങി അതിന്റെ വർണ്ണങ്ങളിൽ, ശബ്ദങ്ങളിൽ, വിവാദങ്ങളിൽ ഒക്കെ അകപ്പെട്ടുപോയി രക്ഷപ്പെടാനാകാതെ വീർപ്പുമുട്ടുകയാണ്. ഇവിടെ ആഗ്രഹങ്ങൾക്ക് അറുതിയില്ല. അത് ഒന്നിന് പുറകെ ഒന്നായി നമ്മളെ പിന്തുടരുന്നു. ആഗ്രഹങ്ങൾ സഫലീകരിച്ചു തരുവാൻ മാത്രമായി നാം ദൈവത്തെ കാണുന്നു.

ദൈവികധാരയിലാണ് നാം എന്നാണ് നമ്മുടെ ചിന്ത. പ്രവർത്തനങ്ങളുടെ മുഖത്ത് വ്യാപൃതരാണെന്ന് പറയുമ്പോഴും ദൈവത്തിൽനിന്ന് അകലം പാലിക്കാൻ സാദ്ധ്യത യേറെ ഉണ്ടെന്നുള്ളതാണ് ഈ കാലഘട്ടത്തിലെ ഒരു പരിതാപകരമായ അവസ്ഥ. ദൃശ്യമായതിൽ മാത്രം മനസ്സ് ഉടക്കിക്കിടക്കുന്ന കാലഘട്ടം. ജീവിതത്തെ ഭൗതികമായ ആർഭാടം മാത്രമായി കാണുവാൻ ശീലിച്ച കണ്ണുകൾ. അപ്പോൾ തന്നെ മണ്ണെപ്രതി മാണിക്യം വെടിയുകയില്ലെന്ന് പാടുവാൻ ശീലിച്ചിരിക്കുന്നു. അദൃശ്യമായതിനെ സ്വപ്നം കാണുവാനോ, വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചുവടുവെയ്ക്കാനോ നമുക്ക് എങ്ങനെയാണ് കഴിയുക? ഈ പാശ്ചാത്തലത്തിൽ, ഭൗതികതയിൽ തളച്ചിടപ്പെട്ട നമ്മുടെ വിശ്വാസജീവിതത്തിന് ഒരു പുനർവിചിന്തനവും നിർവചനവും അനിവാര്യമായിരിക്കുന്നു.

പാപത്തെ വേറെ പേരിട്ട് വിളിച്ച് നാം അതിനെ താലോലിച്ചുകൊണ്ടു നടക്കുകയാണ്. എന്നാൽ ഇന്ന് നമുക്ക് ഏറ്റം അത്യാവശ്യമായിരിക്കുന്നത് നമ്മുടെ പാപത്തെ അറിയുക എന്നതാണ്; അതിനെ പാപമെന്നുതന്നെ വിളിക്കുക. എങ്കിലേ നമുക്ക് ആഴമായ അനുതാപമുണ്ടാകൂ. സത്യസന്ധമായൊരു സ്വയം വിമർശനത്തിന് തയ്യാറായില്ലെങ്കിൽ നിലനില്പുതന്നെ പ്രതിസന്ധിയിലാണെന്ന് തിരിച്ചറിയുക. ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ നാമൊക്കെ മുടിയൻ പുത്രന് സമാനരാണ്. ഒരുപാട് കാര്യങ്ങളിൽ നിന്ന് വഴിമാറിനടക്കുന്നവരാണ് നമ്മൾ. മുടിയൻപുത്രന് സുബോധംവന്നപ്പോൾ അപ്പന്റെ ഭവനത്തിലേക്ക് മടങ്ങിവന്നതുപോലെ, ആ തിരിച്ചറിവാണ് നമ്മെ സമർപ്പണത്തിലേക്ക് നയിക്കേണ്ടത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും ആത്മാവ് വ്യാപരിക്കേണ്ടിയിരിക്കുന്നു. ബോധപൂർവ്വമായൊരു വഴിമാറി നടക്കൽ ഇവിടെ അനിവാര്യമായിരിക്കുന്നു. ക്രിസ്തുവിലേക്കുള്ള യഥാർത്ഥമായ ആത്മീയമടക്കയാത്രയാണ് നമുക്കാവശ്യം.

ദൈവത്തിൽ നിന്നകന്ന് പോയ യിസ്രയേൽ ജനത ഒരു സമൂഹമെന്ന നിലയ്ക്ക് രട്ടുടുത്തും ഉപവാസമാചരിച്ചും അനുതപിച്ചതായി നാം വായിക്കുന്നു. അതുപോലെ സഭയും ഒരു ആത്മപരിശോധനയ്ക്ക് വിധേയമായി അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും ഒരിടവേളയിലൂടെ കടന്നുപോകാൻ വിനയം കാട്ടണം. തന്റെ തെറ്റിനെക്കുറിച്ചുള്ള ബോധ്യംവന്നപ്പോൾ ദാവീദ് കരയുവാൻ തുടങ്ങി. ഒരു ന്യായീകരണത്തിനും മുതിരാതെ തന്റെ ലംഘനങ്ങളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞുകൊണ്ട് പാപക്ഷമയ്ക്കായി കരയുകയാണ് 51–ാം സങ്കീർത്തനത്തിൽ. നമുക്കിവിടെ പ്രസംഗങ്ങളും പ്രകടനങ്ങളുമല്ല; ഉപവാസവും പ്രാർത്ഥനയുമാണ് വേണ്ടത്. ആത്മപരിശോധനയുടെ നീണ്ടരാവുകളാണ് നമുക്കാവശ്യമായിരിക്കുന്നത്. പരസ്പരം പഴിചാരി നില്ക്കാതെ നാം ഒരോരുത്തരും അവരവരിൽ വന്നുപോയ തെറ്റുകൾക്കും ചെയ്തുപോയ അപരാധങ്ങൾക്കും ‘എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ’ എന്ന് ഹൃദയംഗമായി ഏറ്റുപറഞ്ഞുകൊണ്ട് ദൈവസന്നിധിയിൽ വീഴാം. തകർന്നും

➤ശേഷം 6–ാം പേജിൽ

## പാപത്തിന്റെ...

➢ 1-ാം പേജിൽ നിന്നും തുടർച്ച

അടുക്കുന്നു. ആത്മീയ ബന്ധങ്ങളെക്കാൾ ഉപരിയായി ലോകബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. അതിന്റെ ഫലമായി ലോകത്തിന്റെ പ്രവൃത്തികളും ചിന്തകളും നമ്മെ സ്വാധീനിക്കുന്നു, പാപത്തിലേക്ക് നയിക്കുന്നു. മറ്റുള്ളവരുടെ ജീവിതത്തിലേക്കല്ല മറിച്ച് നമ്മുടെ ജീവിതത്തിലേക്ക് നോക്കാം. നമ്മുടെ സഹവർത്തിത്വം ആരോടാണ്? നമ്മിൽ സ്വാധീനം ചെലുത്തുന്നത് ആത്മിക വിഷയങ്ങളോ അതോ ലൗകികമോ? തിരികെ പോവുക. ദൈവത്തിലേക്കു മടങ്ങുക. ഇപ്പോഴാണ് നല്ല സമയം.

**3. പാമ്പിന്റെ ഉപദേശം സ്വീകരിച്ചു.**

ദൈവജനം ഈ ഭൂമിയിൽ വർത്തിക്കേണ്ട വിധം ദൈവവചനത്തിലൂടെ പരിശുദ്ധാത്മാവ് നൽകിയിട്ടുണ്ട്. ഇന്നും തന്റെ ദാസന്മാരിലൂടെ ദൈവം നമുക്ക് ആലോചന തരുന്നു. എന്നാൽ അതിനു വിരുദ്ധമായി ലോകത്തിന്റെ ഉപദേശം സ്വീകരിച്ച് അതിനനുസരണമായി പോയാൽ പാപത്തിൽ ചെന്ന് വീഴും എന്നുള്ളത് വ്യക്തമാണ്. ലോകത്തിന്റെ ഉപദേശം വളരെ ഹൃദ്യവും ഇമ്പമേറിയതും ആയിരിക്കും. ആത്മികം എന്നു തോന്നുന്ന തരത്തിലുമായിരിക്കാം നമുക്ക് ലഭിക്കുന്നത്. എന്നാൽ നാം അതിനു ചെവികൊടുത്താൽ ദൈവിക കല്പന ലംഘിക്കുവാൻ കാരണമാകും. നമുക്ക് ലഭിക്കുന്ന ഉപദേശങ്ങളും മറ്റും ദൈവവചനത്തിലൂടെ ശോധന ചെയ്തു മാത്രമെ നാം സ്വീകരിക്കാവൂ. ദുരുപദേശങ്ങൾക്കും ലോകജ്ഞാനത്തിനും ചെവികൊടുക്കാതെ വചനപ്രകാരം ആത്മാവിന്റെ നിയന്ത്രണത്തിൽ നമുക്കു മുന്നേറാം.

**4. വൃക്ഷ ഫലത്തിൽ ആകൃഷ്ടയായി.**

ഈ ഫലത്തിന്റെ മൂന്നു ഗുണങ്ങളാണ് ഹവ്വയെ ആകർഷിച്ചത്.

***a. തിന്നുവാൻ നല്ലത്:*** ലോകത്തിലെ പലകാര്യങ്ങളും തിന്നുവാൻ വളരെ നല്ലതാണ് അതീവ രുചികരവുമായിരിക്കും. എങ്കിലും ദൈവം അരുത് എന്നു പറഞ്ഞത് നാം ഉപയോഗിക്കുവാൻ പാടില്ല. അതിന്റെ ഗുണഗണങ്ങൾ എത്രത്തോളം വലുതായിരുന്നാലും അതിനെക്കാളും ഉന്നതമാണ് ദൈവത്തിന്റെ കല്പന. അരുതാത്തത് നാം രുചിക്കുവാൻ പാടില്ല. അതു നമ്മെ ശാപത്തിലേക്കു നയിക്കും. ചില ഭക്ഷണങ്ങൾ ആനന്ദകരമാണ്. എന്നാൽ അത് നാശത്തിന് ഹേതുവായി തീരും. വിവേചിച്ച് അറിയുവാനുള്ള കൃപയ്ക്കായി കൃപാസനത്തോട് അടുത്തു ചെല്ലുക.

***b.കാണുവാൻ ഭംഗിയുള്ളത്:*** മനുഷ്യനെ വീഴിക്കുവാനുള്ള സാത്താന്റെ എളുപ്പമാർഗ്ഗം അരുതാത്ത കാര്യങ്ങൾ കൺമുമ്പിൽ കൊണ്ടുവരുന്നതാണ്. പാപത്തിന്റെ വഴി വിശാലവും മനോഹരവും ആയിരിക്കും. ലോകമനോഹരത്വം നാം കാണുവാൻ ശ്രമിക്കുമ്പോൾ, അതിൽ നാം ആകർഷിക്കപ്പെടുമ്പോൾ മറഞ്ഞിരിക്കുന്ന വാരിക്കുഴികൾ അതിൽ ഉണ്ട് എന്നോർക്കണം. ചില പുഷ്പങ്ങൾ അതിന്റെ ഗന്ധത്തിലൂടെയും ഭംഗിയിലൂടെയും പ്രാണികളെ ആകർഷിച്ച് ഭക്ഷിക്കുന്നതുപോലെ, ലോകത്തിന്റെ ഭംഗി നമ്മെ നാശത്തിലേക്കു നയിക്കും. നമ്മുടെ മുന്നിലുള്ള പ്രകൃതിയിലൂടെ ദൈവത്തിന്റെ മനോഹരത്വം കാണുവാനും, നമുക്കു ഒരുക്കിയിരിക്കുന്ന മഹത്വം വിശ്വാസത്താൽ ദർശിക്കുവാനും നമ്മുടെ കണ്ണുകളെ നാം ശീലിപ്പിക്കണം. കാഴ്ച നമ്മെ മഹത്വത്തിലേക്കും ശാപത്തിലേക്കും നയിക്കും. ഏതു വേണമെന്ന് നാം തിരഞ്ഞെടുക്കുക. ദൈവകൃപയ്ക്കായി യാചിക്കുക.

***c.ജ്ഞാനം പ്രാപിക്കുവാൻ കാമ്യം:*** ലോകം ജ്ഞാനം നേടുവാൻ ഓടിനടക്കുന്ന കാലമാണിത്. ജ്ഞാനം നേടുക വഴി ലോകത്തിൽ ഉന്നതരാകുവാനും, അതിലുപരി ദൈവത്തോളം ശ്രേഷ്ഠരാകുവാനും സാത്താൻ ഉപദേശിക്കുന്നു. ഹവ്വയെയും സാത്താൻ ആകർഷിച്ചത് ദൈവത്തെപ്പോലെ ജ്ഞാനം ലഭിക്കും എന്ന തന്ത്രത്താലാണ്. യഹോവാഭക്തി കൂടാതെയുള്ള ജ്ഞാനം ശൂന്യമാണ്. ദൈവത്തിനും ദൈവവചനത്തിനും വിരുദ്ധമായതെന്തും ഭോഷ്കാണ് എന്നു നാം തിരിച്ചറിയണം. ലോകജ്ഞാനം നിഗളമെന്ന പാപാവസ്ഥയിലേക്കു നയിക്കും. അതിനുള്ള ശിക്ഷ അതിഭയങ്കരമായിരിക്കും. ദൈവദൂതനെപ്പോലും ശിക്ഷിക്കുവാൻ അതു കാരണമായി തീർന്നു. ദൈവികജ്ഞാനത്തിൽ ഉപരിയായ ഒന്നും തന്നെ നമ്മെ കീഴടക്കരുത്. ദൈവം നമുക്ക് നല്കിയ ബുദ്ധിയും സൗകര്യങ്ങളും നിഗളത്തിനു കാരണമാകാതെ ദൈവഭയത്തിനു കീഴ്പ്പെട്ട് താഴ്മയോടെ ജീവിക്കുവാൻ പരിശ്രമിക്കണം. "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു."

**5. സ്വയം തിന്നു, ഭർത്താവിനും കൊടുത്തു.**

ഹവ്വയുടെ ജീവിതത്തിൽ പല പടികളിലൂടെ പാപത്തിന്റെ ഔന്നത്യത്തിൽ എത്തുന്നതായി നമുക്ക് കാണുവാൻ സാധിക്കും. പടിപടിയായുള്ള വളർച്ചയായതിനാൽ പാപം ചെയ്യുന്നു എന്ന തോന്നൽ തനിക്ക് ഉണ്ടായില്ല. ഇന്നും മനുഷ്യരിൽ അതിലുപരി ദൈവമക്കളിൽ പാപം വളരുന്നത് ഇതേ മാർഗ്ഗത്തിലാണ്. നിസ്സാരമെന്ന് തോന്നുന്ന കാര്യങ്ങളുടെ ലംഘനങ്ങൾ പാപത്തിന്റെ കാഠിന്യം കൂടുന്നത് മനസ്സിലാക്കുന്നതിൽ നിന്നും നമ്മെ അകറ്റും. മാത്രമല്ല സ്വയം പാപത്തിൽ വീഴുന്നതു കൂടാതെ മറ്റുള്ളവരെയും അതിലേക്ക് ആക്കുവാൻ സാത്താൻ നമ്മെ ഉപയോഗിക്കും എന്ന് ഹവ്വയുടെ ജീവിതം നമുക്ക് വെളിപ്പെടുത്തുന്നു. ഇന്ന് ദൈവമക്കളുടെ ജീവിതത്തിൽ പല കാര്യങ്ങളും നിസ്സാരമാക്കി പാപത്തിൽ മുന്നേറുന്നത് കാണാം. സഭാബന്ധങ്ങൾ, കുടിവരവുകൾ, കുടുംബജീവിതം, വസ്ത്രധാരണം, പ്രവർത്തനമേഖലകൾ, ജീവിത സൗകര്യങ്ങൾ, അലങ്കാരങ്ങൾ തുടങ്ങി പല മേഖലകളിലും പാപത്തിന്റെ സാന്നിധ്യവും വചന വിരുദ്ധ നിലപാടുകളും കാണുവാൻ സാധിക്കും. നാം ചെയ്യുന്നതു കൂടാതെ മറ്റുള്ളവരെ ചെയ്യുന്നതിനു പ്രേരിപ്പിക്കുന്നതും ദൈവകോപത്തിന് ഇടയാക്കുന്നതാണ്. നമ്മെ തന്നെ ശോധന ചെയ്ത് അശുദ്ധിയെ ജീവിതത്തിൽ നിന്ന് പുറത്താക്കാം.

**6. സ്വയനീതീകരണം**

ദൈവകല്പന ലംഘിച്ചതിനു ശേഷം ആദമിനോടു ദൈവം സംസാരിക്കുമ്പോൾ ആദം ഹവ്വയെയും, ഹവ്വ പാമ്പിനെയും പഴിചാരുന്നു. തങ്ങൾ തെറ്റു ചെയ്തത് മറ്റുള്ളവരുടെ പ്രേരണയാൽ എന്നു പറയുന്നു. നമ്മുടെ പാപത്തെ ലഘൂകരിക്കുവാൻ മറ്റുള്ളവരെ ചൂണ്ടിക്കാണിക്കുന്ന രീതി അന്നു തുടങ്ങി. ഞാൻ തെറ്റു ചെയ്തതിനു കാരണം എന്റെ കൂടെയുള്ളവരാണ്, അല്ലെങ്കിൽ ഇതിലും കാഠിന്യമേറിയത് അവർ ചെയ്യുന്നുണ്ട് എന്നിങ്ങനെയുള്ള ന്യായങ്ങളാൽ നമ്മെ സ്വയം ശുദ്ധീകരിക്കുവാൻ നാം ശ്രമിക്കുന്നു. എന്നാൽ പാപത്തിന്റെ ഫലമായി ശാപം ദൈവം വ്യക്തിപരമായി തന്നെ തരുന്നു എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. പാമ്പിനെ മാത്രമല്ല ദൈവം ശിക്ഷിച്ചത്, കല്പന ലംഘിച്ചവർ എല്ലാം ശിക്ഷാർഹരാണ് എന്ന് നീതിമാനായ ദൈവം വിധിക്കുന്നു. ഇന്നും ദൈവിക നീതിയിൽ മാറ്റമില്ല. എന്റെ തെറ്റിന് ഞാൻ തന്നെ അടികൊള്ളണം എന്ന ബോധ്യം നമുക്ക് ഉണ്ടായിരിക്കണം. നമ്മുടെ തെറ്റുകൾക്ക് സഹവിശ്വാസികളെയോ മറ്റുള്ളവരെയോ പഴിചാരാതെ നമ്മെത്തന്നെ ശോധന ചെയ്ത് കുറവുകളെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കാം. അങ്ങനെ ദൈവസന്നിധിയിൽ നീതീകരണം പ്രാപിക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

## ബൈബിൾ ക്വിസ് -56

### 1 രാജാക്കന്മാർ

1. ശലോമോന്റെ അമ്മയുടെ പേരെന്ത്?
2. താൻ ധരിച്ചിരുന്ന പുതിയ അങ്കി കീറിയതാര്?
3. മഴ തടുക്കാതിരിക്കേണ്ടതിനു രഥം കയറി യിസ്രായേലിലേക്കു പോയതാര്?
4. കിദ്രോൻ തോടു കടന്നതിനാൽ മരിക്കേണ്ടിവന്നവൻ ആര്?
5. എത്ര സംവത്സരം കൊണ്ടാണ് ശലോമോൻ ആലയം പണിതീർത്തത്?
6. ആരുടെ കാലത്താണ് വെള്ളിക്ക് വിലയില്ലാതിരുന്നത്?
7. യഹോവയുടെ ആലയത്തിലെ വെള്ളിയും പൊന്നും എടുത്തു അരാം രാജാവായ ബെൻഹദദിനു കൊടുത്ത യെഹൂദാ രാജാവാര്?
8. പന്ത്രണ്ടു കല്ലുകൊണ്ട് യാഗപീഠം പണിതവൻ ആര്?
9. "കഠിന വർത്തമാനം നിന്നെ അറിയിക്കാൻ എനിക്കു നിയോഗം ഉണ്ട്" ആര് ആരോടു പറഞ്ഞു?
10. ശലോമോൻ ദൈവത്തോട് അകന്നുപോകാൻ കാരണമെന്ത്?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ശരിയുത്തരങ്ങൾ 53 :** 1. ഏഴു വർഷവും ആറു മാസവും (2:11) 2. യോവാബ് (3:27) 3. ശൗലിന്റെയും ദാവീദിന്റെയും (3:1) 4. ഹീരാം (5:11) 5. ഉസ്സയും അഹ്യോവും (6:3) 6. നാഥോന്റെ കളത്തിങ്കൽ (6:6) 7. അബ്ശാലോം (14:25) 8. ദാവീദ്, സാദോക്കിനെ(15:27) 9. കാളവണ്ടിയിൽ കൊണ്ടുവന്നത് 10. ദാവീദ്(13:31).

**വരിസംഖ്യ കുടിശ്ശിക അറിയാൻ**

വരിസംഖ്യ കുടിശ്ശിക നിങ്ങളുടെ വിലാസത്തോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. പേരിന് മുകളിൽ കൊടുത്തിരിക്കുന്ന കോഡിലെ അവസാന രണ്ട് അക്കം ശ്രദ്ധിക്കുക. ഉദാ: അത് 12 എന്നാണെങ്കിൽ 2012 വരെ മാത്രമെ നിങ്ങൾ വരിസംഖ്യ അടച്ചിട്ടുള്ളു. തുടർന്നുള്ളത് അടയ്ക്കേണ്ടതാണ്. സഹകരിക്കുക; പ്രാർത്ഥിക്കുക.

# മഹത്വത്തിൽ



**തിരുവല്ല:** കുറ്റപ്പുഴ സഭാംഗമായ **ജോർജ്ജ് വി. ജോൺ** (72) ജൂലൈ 3-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം 4-ന് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**മൈലപ്ര:** കരിംകുറ്റിക്കൽ കെ.വി. മാത്യുവിന്റെ സഹധർമ്മിണി **ഗ്രേസി മാത്യു** (73) ജൂലൈ 2-ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 7-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**മൈലപ്ര:** പരേതനായ സുവിശേഷകൻ തെക്കേതിൽ കെ. തോമസ് മാത്യുവിന്റെ ഭാര്യ **പെണ്ണമ്മ മാത്യു** (95) ജൂലൈ 3-ന് താൻ പ്രത്യാശ വച്ചിരുന്ന മഹത്വതീരത്തേക്ക് മാറ്റപ്പെട്ടു. സുവി. തോമസ് മാത്യുവിന്റെ (ഡൽഹി) മാതാവാണ്. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**അനുസ്മരണം**

## 'ഞാൻ എന്റെ വീട്ടിൽ പോകുന്നു'



**വിശ്വാസത്തിലുറച്ചുനിന്ന ഞങ്ങളുടെ അപ്പച്ചൻ പി.റ്റി. യിസ്ഹാക്ക് (97) ഒരു അനുസ്മരണം**

**1921-ൽ** അങ്കമാലിക്ക് സമീപം നായത്തോട് പൈനാടത്തു വീട്ടിൽ തോമസിന്റെയും അച്ചാമ്മയുടെയും അഞ്ചുമക്കളിൽ മൂത്തമകനായി ഞങ്ങളുടെ അപ്പച്ചൻ (പി.റ്റി. യിസ്ഹാക്ക്) ജനിച്ചു. മാതാപിതാക്കൾ കടുത്ത യാക്കോബായ ഭക്തർ ആയിരുന്നു. ചെറുപ്പം മുതൽ അപ്പച്ചൻ യക്കോബായ ഭക്തനായി വളർന്നു. വലുതാകുമ്പോൾ പള്ളിയിലെ ഒരു കപ്യാരായി - പുരോഹിതനെ സഹായിക്കുന്ന ഒരു ശുശ്രൂഷകൻ ആകണം എന്നായിരുന്നു അപ്പച്ചന്റെ ആഗ്രഹം. അക്കാലത്ത് അങ്കമാലിയിൽ എവിടെയും സുവിശേഷത്തിന്റെ മഹാമാരി പെയ്തിരുന്ന കാലം. 1941-ൽ അങ്കമാലിയിൽ നടന്ന ഒരു സുവിശേഷമഹായോഗത്തിൽ സംബന്ധിക്കുവാൻ പോയി. ആ യോഗത്തിൽ മിഷണറി ജെ.എൻ. ഡേവിസ് ആയിരുന്നു വചനം ശുശ്രൂഷിച്ചിരുന്നത്. യോഹ. 6:29, അടിസ്ഥാനമാക്കിയായിരുന്നു സന്ദേശം. പ്രസംഗാനന്തരം രക്ഷയ്ക്കായി ആഹ്വാനം നല്കിയപ്പോൾ അപ്പച്ചനും, അപ്പച്ചന്റെ അമ്മയും യേശുവിനെ കർത്താവായി സ്വീകരിച്ചു.

രക്ഷിക്കപ്പെട്ടതിനുശേഷം പള്ളിയിൽ പോയിട്ടില്ല. അപ്പച്ചന്റെ മാനസാന്തരം പിതാവിനെ വളരെ കോപിഷ്ടനാക്കി. വളരെ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നെങ്കിലും അറിഞ്ഞ സത്യത്തിൽ ഉറച്ചു നിന്നു. രക്ഷിക്കപ്പെട്ടതിന്റെ പിറ്റേ വർഷം പെരുമ്പാവൂർ കുറുപ്പും പടിയിൽ കിളിയായത്ത് വീട്ടിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. 1943-ൽ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. അന്നു മുതൽ സഭാകാര്യങ്ങളിൽ വളരെ ശുഷ്ക്കാന്തിയുള്ളവനായിരുന്നു. 1959-ൽ കുടുംബമായി അങ്കമാലിയിൽ നിന്ന് ഗൂഡല്ലൂരിലേക്ക് (നീലഗിരി) താമസം മാറ്റി. കഴിഞ്ഞ അനേക വർഷങ്ങളായി ഗൂഡല്ലൂർ, മാക്കംമൂല ബെഥേൽ ബ്രദറൺ അസംബ്ലിയുടെ മൂപ്പന്മാരിലൊരാളായി ശുശ്രൂഷ നിർവ്വഹിച്ചു പോന്നു. ദൈവമക്കളെ സ്നേഹിക്കുന്നതിനും സൽക്കരിക്കുന്നതിനും മാതാപിതാക്കൾ വളരെ മാതൃകയായിരുന്നു. 2005 സെപ്റ്റംബർ 25-ന് മാതാവ് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. കഴിഞ്ഞ ചില നാളുകളായി വാർദ്ധക്യ സഹജമായ പ്രയാസങ്ങളാൽ ശയ്യാവലംബനായി കിടക്കേണ്ടി വന്നു. ഭൂമിയിലെ ജീവിതത്തിന്റെ അവസാനത്തോട് അടുക്കുന്തോറും അപ്പച്ചന്റെ പ്രത്യാശ ഏറി വന്നു. "ഞാൻ എന്റെ വീട്ടിൽ പോവുകയാണ്" എന്ന് കൂടെക്കൂടെ പറയുമായിരുന്നു. ഹൃദയത്തിൽ അലയടിച്ച ആ വാഞ്ഛ 27-06-2014 വൈകിട്ട് ദൈവം മാനിച്ച് സ്വർഗ്ഗീയ തുറമുഖത്തേക്ക് എത്തിച്ചേരുവാൻ ഇടയായി. 28-ാം തീയതി 2 മണിക്ക് അനേക ദൈവദാസന്മാരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ മാക്കംമൂല ബെഥേൽ ബ്രദറൺ സഭാസെമിത്തേരിയിൽ ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ സംസ്കരിച്ചു.

പി.ഐ. ഡാനിയേൽ, ഗൂഡല്ലൂർ

## പുതിയ വിലാസം

തലയോലപ്പറമ്പ് ബ്രദറൺ അസംബ്ലിയിലേക്ക് കത്തുകളും മറ്റ് തപാൽ ഉരുപ്പടികളും അയക്കുന്നവർ താഴെ കാണുന്ന അഡ്രസ്സിൽ അയക്കണമെന്ന് കർത്തൃനാമത്തിൽ അറിയിച്ചുകൊള്ളുന്നു. വിലാസം: **ബ്രദറൺ അസംബ്ലി, തലയോലപ്പറമ്പ് പി.ഒ., കോട്ടയം ജില്ല. പിൻ- 686 605**

# എസ്.ബി.എസ്. തൃശ്ശൂർ സെന്റർ

**തൃശ്ശൂർ:** സുവിശേഷകൻ ബാലസംഘം തൃശ്ശൂർ സെന്ററിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ വിദ്യാർത്ഥികൾക്ക് ഈ വർഷവും അവാർഡുകൾ നൽകുന്നു. തൃശ്ശൂർ സെന്ററിന്റെ കീഴിൽ വരുന്ന സ്ഥലം സഭകളിലെ ബാലസംഘം, സണ്ടേ സ്കൂൾ, ചിൽഡ്രൻസ് ക്ലബ്ബ് വിദ്യാർത്ഥികളാണ് ഇതിന്റെ പരിധിയിൽ പെടുന്നത്. 2013-14 അധ്യയന വർഷം ബാലസംഘത്തിലോ സണ്ടേസ്കൂളിലോ ചിൽഡ്രൻസ് ക്ലബ്ബിലോ അംഗമായിരുന്നവരായിരിക്കണം അപേക്ഷകർ. എസ്.എസ്.എൽ.സി., ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ (ബോർഡു പരീക്ഷയെഴുതിയ മാർക്കു ലിസ്റ്റു മാത്രമെ പരിഗണിക്കുകയുള്ളു) മാർക്കു ലിസ്റ്റിന്റെ ഫോട്ടോസ്റ്റാറ്റു കോപ്പി, സഭയിലെ ഉത്തരവാദിത്തപ്പെട്ട രണ്ടു വ്യക്തികൾ സാക്ഷ്യപ്പെടുത്തി സഭയുടെ സീൽ സഹിതം 2014 ജൂലൈ 31-നു മുമ്പായി, Mohan M.G., Muthiraparambil House, Keerthi Nagar, Nadathara P.O.,Thrissur. Pin- 680 751, Ph: 9495355461 എന്ന വിലാസത്തിൽ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും ചേർത്ത് അയക്കുക. 2014 സെപ്റ്റംബർ 15-ന് കല്ലേറ്റുംകരയിൽ വച്ചു നടക്കുന്ന ഏകദിനസമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും.

മോഹൻ എം.ജി. (സെക്രട്ടറി)

# പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള നമ്മുടെ സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം നന്നുവക്കാട് ബ്രദറൺ സഭാഹാളിൽ 26 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്നു. പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

എ.എം. തോമസ് മൈലപ്ര

➢ 4-ാം പേജിൽ നിന്നും തുടർച്ച

### തിരഞ്ഞെടുപ്പ് നൽകുന്ന പാഠം

നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല; ഉപേക്ഷിക്കുകയുമില്ല. തന്റെ തെറ്റുകളെ മറയ്ക്കുന്നവന് ശുഭംവരികയില്ല; ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവന് പാപക്ഷമയുണ്ട്. അതുകൊണ്ട് പ്രിയസഭയേ കേഴുക. സഭയുടെ പുനരുജ്ജീവനത്തിന് മറ്റ് കുറുക്ക് വഴികൾ ഒന്നുമില്ല തന്നെ. ഗൗരവതരമായി നാമിതിനെ കണ്ടില്ലെങ്കിൽ അഹങ്കാരത്തിന്റെ ഉന്നതിയിൽ തിരിച്ചറിവിന്റെ വെള്ളിടി ഏറ്റു വാങ്ങേണ്ടി വരും. ●

# എസ്.ബി.എസ്. ജനറൽ പ്രയർ

**സു**വിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതലയിൽ മാസം തോറും നടന്നു വരുന്ന പ്രാർത്ഥനാകൂടിവരവ് ജൂലൈ മാസം 22-ാം തീയതി ചൊവ്വാ വൈകിട്ട് 4-ന് എസ്.ബി.എസ്. പുത്തൻകാവ് ക്യാമ്പ് സെന്ററിൽവെച്ച് നടക്കുന്നതാണ്. ഈ പ്രാർത്ഥനായോഗത്തിലേക്ക് എല്ലാ എസ്.ബി.എസ്. പ്രവർത്തകരേയും പ്രാർത്ഥനാ സഹകാരികളെയും കർത്തൃനാമത്തിൽ സ്വാഗതം ചെയ്തു കൊള്ളുന്നു.

സി.എം. ചാക്കോ, പ്രയർ കോർഡിനേറ്റർ

ചിന്ത

*റ്റി. വി. എസ്.*

# വാർദ്ധക്യം ഒരു ശാപമാണോ?

**പെ**ട്ടെന്ന് ഈ ചോദ്യം കേട്ടാൽ ആണെന്നും, അല്ലായെന്നും അഭിപ്രായമുള്ളവർ ഉണ്ടായിരിക്കും. ദൈവമക്കളെ സംബന്ധിച്ച് വാർദ്ധക്യം ഒരു ശാപമല്ല, അനുഗ്രഹമാണ്. കാരണം വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടേയിരിക്കും. വൃദ്ധന്മാർ നിർമ്മദരും ഗൗരവവും സുബോധവും ഉള്ളവരും വിശ്വാസത്തിലും സ്നേഹത്തിലും സഹിഷ്ണുതയിലും ആരോഗ്യമുള്ളവരും ആയിരിക്കണം. അങ്ങനെയുള്ളവർക്ക് വാർദ്ധക്യം ഒരു ശാപമല്ല.

പാശ്ചാത്യനാടുകളിലെ പരിഷ്കാരത്തിന്റെ ഓളങ്ങളും തിരമാലകളും നമ്മുടെ നാട്ടിലും ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതു തുടർന്നാൽ നമ്മുടെ പ്രായമായവർക്ക് ജീവിതം ഒരു ശാപമായി തീരുവാൻ ഇടവരും. ഭാര്യാഭർത്താക്കന്മാർ ജോലിക്കു പോകുന്ന ഭവനങ്ങളിൽ പ്രായമുള്ളവരെ കരുതുവാൻ അവർക്ക് സമയം ലഭിച്ചില്ലെന്നു വരാം. അവരെ ശുശ്രൂഷിക്കുവാൻ പറ്റിയ ആളുകളെ ലഭിച്ചു എന്നും വരികയില്ല. എന്നാൽ വാഗ്ദത്തത്തിൽ വിശ്വസ്തനായ ദൈവം, നരയ്ക്കുവോളം ചുമക്കാം എന്നു പറഞ്ഞ വലിയവനായ ദൈവം നമ്മോടു കൂടെയുണ്ടെന്ന് അറിഞ്ഞാൽ അത് ആശ്വാസം തന്നെയാണ്.

**ദൈവമക്കളെ! വാർദ്ധക്യം ദൈവം തരുന്ന ഒരു പദവിയാണ്. അത് സന്തോഷത്തിനും വിശ്രമത്തിനും, പ്രത്യാശയ്ക്കും ഉള്ളതാണ്.**

റവ: ഹെർബർട്ട് ലോക്കീശ്വർ എന്ന സുപ്രസിദ്ധ വേദപണ്ഡിതൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: “എനിക്ക് ഇപ്പോൾ 93 വയസ്സായി. ഇതുവരെ ഞാൻ പുറത്തായില്ല. ഞാൻ ഒരു ക്രിക്കറ്റ് കളിക്കാരനല്ല. ദൈവം എന്നെ 93 വർഷം ജീവിക്കാൻ അനുവദിച്ചു. ഞാനിപ്പോഴും ദൈവമഹത്വത്തിനായി സ്കോർ ചെയ്തുകൊണ്ടിരിക്കുന്നു. മരണത്താൽ ഞാൻ കളിയിൽ നിന്നു പുറത്താക്കപ്പെടുന്നതുവരെ എന്റെ ദൈവത്തിനായി ഞാൻ ശക്തിയോടെ കളിച്ചുകൊണ്ടിരിക്കും...” തന്റെ ജീവിതത്തിൽ താൻ കടന്നുവന്ന വഴിത്താരയിലേക്ക് ഒന്നു തിരിഞ്ഞു നോക്കി; അദ്ദേഹത്തിന് സങ്കടപ്പെടാൻ ഒന്നുമില്ല. “ഇംഗ്ലണ്ടിന്റെ ചരിത്രത്തിൽ അനേക മഹാരഥന്മാർ അധികാരത്തിൽ കയറുകയും മരണം മൂലം ഇറങ്ങിപ്പോവുകയും ചെയ്തിട്ടുണ്ട്. അതെല്ലാം കാണുവാൻ ഇടയായി; എനിക്ക് പ്രായമായല്ലോ എന്നോർത്ത് ഒരു സങ്കടവും ഇല്ല. കാരണം പൂർണ്ണ തൃപ്തനായി തികഞ്ഞ സന്തോഷവാനായി ദൈവത്തോടുകൂടെ സഹവാസം ചെയ്തു. 70 വർഷത്തോളം എന്റെ ദൈവത്തിനു വേണ്ടി വേല ചെയ്ത ഞാൻ തികച്ചും ഭാഗ്യവാനാണ്. പിന്നെ എന്തിനുവേണ്ടി ഞാൻ വ്യാകുലപ്പെടുന്നു.”

ദൈവമക്കളെ! വാർദ്ധക്യം ദൈവം തരുന്ന ഒരു പദവിയാണ്. അത് സന്തോഷത്തിനും വിശ്രമത്തിനും, പ്രത്യാശയ്ക്കും ഉള്ളതാണ്. തലമുറകളെ കാണുവാൻ കഴിയുന്നതും അവരോടു കൂടെ ദിനരാത്രങ്ങൾ കഴിക്കുവാൻ ഇടയാകുന്നതും ഒരു സൗഭാഗ്യകരമായ അനുഭവം തന്നെയാണ്. വാർദ്ധക്യത്തിലും ക്ഷമയുള്ളവരായി ദൈവം തരുന്ന ഏതു സാഹചര്യങ്ങളെയും തന്റെ നന്മയ്ക്കായി ദൈവം ക്രമീകരിച്ചിരിക്കുന്നുവെന്ന് അറിഞ്ഞ് അവയെല്ലാം അശേഷം സന്തോഷം എന്ന് എണ്ണുവാൻ ഇടയാകണം. വാർദ്ധക്യത്തെ അനുഗ്രഹകരമായി മാറ്റുവാൻ കഴിയുന്ന ദൈവമാണ് നമ്മെ വഹിക്കുന്നത്.

മക്കളെ, നാം വിതച്ചതുതന്നെ കൊയ്യും എന്നുള്ളത് സത്യമായതിനാൽ വാർദ്ധക്യത്തിൽ ഇരിക്കുന്നവരോടുള്ള നമ്മുടെ പെരുമാറ്റം തികച്ചും സ്നേഹപൂർവ്വമായിരിക്കണം. മക്കളുടെയും, കുടുംബത്തിന്റെയും, ക്ഷേമത്തിനും അഭ്യുന്നതിക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മാതാപിതാക്കൾ ജീവിതാന്ത്യത്തിൽ നിരാശരും നിരാലംബരും ആയിത്തീരുന്നത് എത്രയോ ദയനീയമാണ്. അങ്ങനെയുള്ള കുടുംബങ്ങളും ഉണ്ട്. എന്നാൽ ദൈവജനത്തിന്റെ മധ്യെ അങ്ങനെ സംഭവിക്കാതിരിക്കട്ടെ. നാം വിതയ്ക്കുന്നതേ കൊയ്യുവാൻ സാധ്യതയുള്ളു. ഇക്കാര്യം വ്യക്തമായി മനസ്സിലാക്കിയാൽ അവരെ അവഗണിക്കുന്ന പ്രവണത താനെ കുറയും. അവരെ കരുതുവാൻ മറക്കരുത്. നമുക്കും പ്രായമാവുകയും ഈ വഴിയിലൂടെ കടന്നുപോകയും വേണമല്ലോ. വാർദ്ധക്യം ശാപമായി തീരാതിരിക്കട്ടെ. ●

ഗാനം

# കൃപ മാത്രം മതി

രചന:ജോർജ്ജ് പീറ്റർ
സംഗീതം: ഷിബു ഉടുമലൈ




*യേശുനാഥാ! നിൻ സന്നിധി മതി*
*ജീവനാഥാ! നിൻ കൃപ മതി- സാധുവിന്*

1. പാരിടത്തിൽ പാർക്കുകിലും
പൗരത്വമോ സ്വർഗ്ഗത്തിലാം
പാരിലല്പ ജീവിതത്തിൽ
നിൻ കൃപ മാത്രം മതി സാധുവിന്
(യേശു നാഥാ...)

2. രോഗങ്ങളാൽ വ.ലഞ്ഞീടിലും
ദേഹമെല്ലാം ക്ഷയിച്ചീടിലും
എൻ ഹൃദയം കലങ്ങീടിലും
നിൻ കൃപമാത്രം മതി സാധുവിന്
(യേശു നഥാ...)

3 താപമെഴും പാഴ്മണലിൽ
തണലെന്യേ തളരുകിലും
സ്നേഹമുള്ള പ്രാണപ്രിയ
നിൻ കൃപമാത്രം മതി സാധുവിന്
(യേശു നഥാ...)

4. നീ വരുമ്പോൾ അഴലെല്ലാം
നീങ്ങി നിന്നിൽ ലയിക്കും ഞാൻ
നിത്യതയിൽ വാഴുമന്നും
നിൻ കൃപമാത്രം മതി സാധുവിന്
(യേശു നഥാ...)

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 23
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**19.07.2014**

REGISTERED
*Reg. No. RN 29475/78*
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: D'Club, Kallissery.